# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , കോഴിക്കോട് ജില്ല
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി.പി 8/2312/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി 30.11.2017

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ജില്ലപഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പ്രതി

നം കെ.എസ്.എ/കെ.കെ.ഡി.പി.8/2312/2017 തീയതി : 30.11.2017

# കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.പി.ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.11.2017മുതൽ 25.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.എം.ബാലകൃഷ്ണൻ. | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.എ.കെ.ബാലസുബ്രഹ്മണ്യൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോതിമോൻ.സി.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഇ.എം .പ്രബോദ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഉണ്ണികൃഷ്ണൻ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈനി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.വി.മനോഹരൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ദിശ.ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. എ.സി.രാജിമ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാബു പറശ്ശേരി | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.എം.സലിം | 01.04.2016മുതൽ 13.06.2016വരെ |
| | പാർത്ഥസാരഥി (സെക്രട്ടറി ഇൻചാർജ്ജ്) (ഫിനാൻസ് ഓഫീസർ) | 14.06.2016 മുതൽ 19.12.2016 വരെ |
| | ഫിലിപ്പ്.പി.ഡി | 19.12.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീ ടി അഹമ്മദ് കബീർ | 1-04-2016 മുതൽ 31-3-2017 വരെ |
| 2 | മാനേജർ, ജില്ല വ്യവസായ കേന്ദ്രം കോഴിക്കോട് | ശ്രീ ടി വി ഷുഹൈബ് | 1-04-2016 മുതൽ 31-03-2017 വരെ |
| 3 | പ്രോഗ്രാം ഓഫീസർ | ശ്രീമതി ഹഫ്സത്ത് ടി | 1-04 -2016 മുതൽ |

| | | | |
|---|---|---|---|
| | ജില്ലാതല ഐസിഡി എസ് | | 31-03-2017 വരെ |
| 4 | സീനിയർ കൃഷി ഓഫീസർ | ശശി പൊന്നണ | 1-04 -2016 മുതൽ<br>31-03-2017 വരെ |
| 5 | സൂപ്രണ്ട്<br>ജില്ല ആശുപത്രി ,<br>വടകര | ഡോ ആമിന ടി പി | 1-04-2016 മുതൽ<br>6-10-2016 വരെ |
| | | ഡോ ഹരിപ്രസാദ് പി ബി | 7-10-2016 മുതൽ<br>15-2-2017 വരെ |
| | | ഡോ അലി കെ വി | 16-02-2017 മുതൽ<br>31-03-2017 വരെ |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ എസ് ജി ഡി | മുഹമ്മദ് അഷ്റഫ് എ | 1-04-2016മുതൽ<br>31-03-2017വരെ |
| 7 | ജില്ല മെഡിക്കൽ ഓഫീസർ<br>(ആരോഗ്യം) | ഡോ സരിത ആർ | 1-04-2016മുതൽ<br>25-10-2016വരെ |
| | | ഡോ ആശാദേവി | 26-10-2016 മുതൽ<br>14-11-2016 വരെ |
| | | ഡോ സരിത ആർ | 14-11-2016 മുതൽ<br>19-01-2017 വരെ |
| | | ഡോ എസ് എൻ രവികുമാർ | 20-01-2017 മുതൽ<br>31-03-2017 വരെ |
| 8 | ഡെപ്യൂട്ടി ഡയറക്ടർ<br>(മൃഗസംരക്ഷണം ) | ഡോ പി കണാരൻ | 1-04-2016 മുതൽ<br>30-06-2016 വരെ |

| | | | |
|---|---|---|---|
| | | ഡോ എ സി മോഹൻദാസ് | 03-08-2016 മുതൽ 31-03-2017 വരെ |
| | (01.07.16 മുതൽ 02.08.16 വരെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല) | | |
| 9 | ജില്ലാ കോ ഓർഡിനേറ്റർ -ശുചിത്വമിഷൻ& അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം) | കെ പി വേലായുധൻ | 1-04-2016 മുതൽ 31-03-2017 വരെ |
| 10 | ജില്ല വിദ്യാഭ്യാസ ഉപ ഡയറക്ടർ | ഡോ ഗിരീഷ് ചോലയിൽ | 1-04-2016 മുതൽ 31-03-2017 വരെ |
| 11 | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ പുഷ്പം ജെ | 1-04-2016 മുതൽ 30-11-2016വരെ |
| | | ഡോ സുമേഷ് പി | 1-12-2016 മുതൽ 22-01-2017 വരെ |
| | | ഡോ വി മണിക്കുട്ടൻ | 23-01-2017 മുതൽ 31-03-2017 വരെ |
| 12 | ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ | കെ പി അബ്ദുസ്സമദ് | 1-04-2016മുതൽ 28-01—2017 വരെ |
| | | ടി പി ആയിഷ | 29-01-2017 മുതൽ 31-03-2017 വരെ |
| 13 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ടി എം മറിയംഹസീന | 1-04-2016മുതൽ 31-03-2017വരെ |

| | | | |
|---|---|---|---|
| 14 | ജില്ല മെഡിക്കൽ ഓഫീസർ | ഡോ ജയശ്രീ എസ് | 1-04-2016മുതൽല 30-11-2016 വരെ |
| | | ഡോ പി വി ശ്രീദേവി | 1-12-2016 മുതൽ 26-01--2017 വരെ |
| | | ഡോ സി പി അംബുജം | 27-01-2017 മുതൽ 7-02-2017 വരെ |
| | | ഡോ എം എസ് റസിയ | 08-02-2017 മുതൽ 31-03-2017 വര |
| 15 | സൂപ്രണ്ട് ഗവൺമെന്റ് വിമൻസ് പോളിടെക്നിക്ക് | രാജ്മോഹൻ എച്ച്.ഒ.എസ് | 1-4-2016 മുതൽ 26-9-16 വരെ |
| | | ബീന.പി.സി | 27-9-16 മുതൽ 31-3-17വരെ |
| 16 | സൂപ്രണ്ട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ | സുരജിത്ത് എ വി | 1-04-2016മുതൽ 31-03-2017വരെ |
| 17 | ജില്ല മെഡിക്കൽ ഓഫീസർ(ഐ എസ് എം) | ഡോ പി വി ശ്രീദേവി | 1-04-2016മുതൽ 16-11-2016വരെ 27-11-2016മുതൽ 28-01-2017വരെ |
| | | ഡോ പി കെ സോമൻ | 17-11-2016 മുതൽ 26-11-2016 വരെ |

| | | | |
|---|---|---|---|
| | | | 29-01-2017 മുതൽ 09-02-2017 വരെ |
| | | ഡോ കെ എം ശ്രീദേവി | 10-02-2017 മുതൽ 31-03-2017 വരെ |
| 18 | ജില്ല സാമൂഹ്യ നീതി ഓഫീസർ | ടി പി സാറാമ്മ | 1-04-2016മുതൽ 31-03-2017വരെ |
| 19 | അസിസ്റ്റന്റ് ഡയറക്ടർ പ്രാദേശിക കോഴി വളർത്തുകേന്ദ്രം , ചാത്തമംഗലം | ഡോ സി ജലാലുദ്ദീൻ | 1-04-2016മുതൽ 31-03-2017വരെ |
| 20 | സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം കുത്താളി | ഡാനിയേൽ മാത്യു | 1-04-2016മുതൽ 31-01-2017വരെ |
| | | ശശി പൊന്നണ സീനിയർ കൃഷി ഓഫീസർ ജില്ലാ കൃഷിത്തോട്ടം കുത്താളി | 1-02-2017 മുതൽ 31-03-2017വരെ |
| 21 | പ്രോജക്ട് ഡയറക്ടർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | വേലായുധൻ കെപി | 1-04-2016 മുതൽ 30-04-2016 വരെ |
| | | അബ്ദുൾ അസീസ് പി | 1-05-2016 മുതൽ 18-08-2016 വരെ |

| | | | |
|---|---|---|---|
| | | രവീന്ദ്രൻ പി | 22-08-2016 മുതൽ<br>31-03-2017 വരെ |
| 22 | ഡെപ്യൂട്ടി ഡയറക്ടർ ,യൂത്ത് പ്രോഗ്രാം | സി യു ശാന്തി | 1-04-2016 മുതൽ<br>5-12-2016 വരെ<br>26-12-2016 മുതൽ<br>31-1-2017 വരെ |
| | | ടി ഗീത | 5-12-2016 മുതൽ<br>26-12-2016 വരെ |
| | | കെ ടി ലീന<br>(ഇൻ ചാർജ്ജ്) | 31-01-2017 മുതൽ<br>17-03-2017 വരെ |
| | | സിബി ജോസഫ് പേരയിൽ (ഇൻ ചാർജ്ജ്) | 17-03-2017 മുതൽ<br>31-03-2017 വരെ |
| 23 | ഡെപ്യൂട്ടി ഡയറക്ടർ ,ക്ഷീര വികസനം | ശോഭന എം | 1-04-2016 മുതൽ<br>31-03-2017 വരെ |
| 24 | ജില്ല പട്ടികജാതി വികസന ഓഫീസര | കെ പത്മരാജൻ | 1-04-2016 മുതൽ<br>31-05-2016 വരെ |
| | | എൻ പി സജിത്ത് | 1-06-2016 മുതൽ<br>30-10-2016 വരെ |
| | | എ കെ രഘുനാഥ് | 31-10 -2016 മുതൽ<br>31-03-2017 വരെ |

| | | | |
|---|---|---|---|
| 25 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ | ശശീന്ദ്രൻ വി | 1-04-2016 മുതൽ 4-04-2016 വരെ |
| | | വിനോദ് കുമാർ | 5-04-2016 മുതൽ 16-08-2016 വരെ |
| | | എം എം സണ്ണി | 17-8-2016 മുതൽ 30-11-2016 വരെ |
| | | സയ്യിദ് നയീം | 1-12-2016 മുതൽ 31-03-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 14-3-2016 തിയതിയിലെ 14/16 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുക താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 33635047 | 164143985 | 130508938 | | +388 |
| വരവ് | 916659300 | 594215763 | | 322383537 | -54 |
| ആകെ | 950294347 | 758419748 | | 352135773 | |
| നീക്കിയിരിപ്പ് | 27199347 | 187460521 | 160261174 | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 4-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 2016-17 വാർഷിക ഓഡിറ്റിൽ പരിശോധിച്ച | സർട്ടിഫിക്കറ്റ് അനുബന്ധം 1 |

## 1-4 സാമ്പത്തിക വിശകലനം.

മുന്നിരിപ്പ് – 16,41,43,985

വരവ് - 59,42,75,763

ആകെ - 75,84,19,748

ചെലവ് - 57,09,59,227

നീക്കിയിരിപ്പ്- 18,74,80,521

## 1-5 ഫണ്ട് വിനിയോഗം (വാർഷികകണക്ക് പ്രകാരം)

..

| ഫണ്ടിനം | അലോട്ട് മെന്റ് | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 334021489 | 241918343 | 241918343 | 241918343 | 72.42 |
| വികസനഫണ്ട് എസ്.സി.പി. | 114358221 | 87256416 | 87256416 | 87256416 | 76.30 |
| വികസനഫണ്ട് ടി.എസ്.പി. | 5053722 | 2494751 | 2494751 | 2494751 | 49.36 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 381055881 | 160122145 | 160122145 | 160122145 | 42.02 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 75024999 | 21264010 | 21264010 | 21264010 | 28.34 |
| ബി ഫണ്ട് | .. | 5906476 | 5906476 | 5906476 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 827 | 1434018945 | 373 | 532300639 | 42 | 412 | 45% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 18251268 | 31940259 | 13688991 | 75% |
| മറ്റുവരവുകൾ | 2540702 | 2575797 | 35095 | 1.38 |
| ആകെ | 20791970 | 5716056 | 15075914 | 72.50 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2017 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായി തുക ഒന്നും ഉണ്ടായിരുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-12-2016 | 11-09-2015 മുതൽ 14-12-2016 | NO.SO/A1/2016 RPAW DTD 7-3-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-3-16 | 2012-13 TO 2015-16 | LBA (HQ) 6/8A /2461/73 DTD 29-07-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷികകണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷികകണക്ക് പ്രകാരം രസീറ്റ് ഫ്രം ഓക്ഷൻ ഓഫ് ഒബ്സലീറ്റ് അസറ്റ് ആയി 440189 രൂപയാണ് വരവുള്ളത് . എന്നാൽ പ്രസ്തുത ഇനത്തിലെ ഹെഡ് വൈസ് റിപ്പോർട്ടപ്രകാരം ഈ ഇനത്തിൽ 498689/- രൂപ വരവായി ഉണ്ട്.

2. സെയിൽ ഓഫ് ടെൻണ്ടർ ഫോം ഇനത്തിൽ 2565725/- രൂപ വരവുണ്ട്. തുക എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക് വഴി ജില്ലാപഞ്ചായത്തിൽ അടവാക്കുകയായിരുന്നു. എന്നാൽ ടെൻണ്ടർ ഫോറം വില്പനയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ, രജിസ്റ്ററുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. എസ്.ബി.ഐ മലാപറമ്പ് ശാഖയിലെ അക്കൗണ്ട് നം-33835820000 പാസ്ബുക്ക് ബാലൻസ് പ്രകാരം വർഷാവസാനം 2809876/- രൂപ ബാലൻസുണ്ട്. എന്നാൽ വാർഷികകണക്ക് പ്രകാരം പ്രസ്തുത അക്കൗണ്ടിലെ വർഷാവസാന ബാലൻസ് തുക 2721985/- രൂപയാണ് . ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. വാർഷികകണക്ക് പ്രകാരം സാമൂഹ്യനീതി വകുപ്പിന് ബി ഫണ്ട് ഓർഫനേജ് ഗ്രാന്റ് ഇനത്തിൽ നൽകിയ തുക 4869276/-രൂപയാണ് . സാമൂഹ്യനീതി വകുപ്പിന്റ കണക്കുകൾ പ്രകാരം ഓർഫനേജ് ഗ്രാന്റ് ഇനത്തിൽ തൻവർഷം ലഭിച്ച തുക 11197834/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. തൻവർഷത്തെ ഡെപ്പോസിറ്റ് , ലോൺ രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6. എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായ നികുതി എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കി എല്ലാ ആസ്തികളുടെയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ക്ളോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

9. ജില്ലാപഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളതും ലഭ്യത സംശയാസ്പദമായിട്ടുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

11. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വരവ് സംബന്ധിച്ച് രജിസ്റ്റർ സംക്ഷിപ്തം എഴുതി ഇൻഡസ്ട്രിയൽ ഓഫീസർ സാക്ഷ്യപ്പെടുത്താത്തതിനാൽ ഇതു സംബന്ധിച്ച് വാർഷികകണക്കിലെ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-2 ടെൻണ്ടർ ഫോറം തുക -എക്സിക്യൂട്ടീവ് എൻഞ്ചിനീയരുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടക്കുന്ന ഇ -ടെണ്ടറിന്റെ ടെൻണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ഓഫീസിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എസ്.ബി.ഐ-എരഞ്ഞിപ്പാലം ശാഖയിലെ 67274621508 ബാങ്ക് അക്കൗണ്ടിലേക്കാണ് ഓൺലൈൻ ആയി നിക്ഷേപിക്കപ്പെടുന്നത്. പ്രസ്തുത അക്കൗണ്ടിൽ ജില്ലാപഞ്ചായത്തിന്റെയും ബ്ളോക്ക്/ഗ്രാമപഞ്ചായത്തുകളുടെയും എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്ന ഇ -ടെൻണ്ടറുകളുടെ ടെൻണ്ടർ ഫോറം വില വരവ് വരുന്നുണ്ട്. മേൽതുകയിൽ 2016-17 വർഷം 2500000/-രൂപ ചെക്ക് നം-923421/4-10-16 വഴി എക്സിക്യൂട്ടീവ് എൻഞ്ചിനീയർ ജില്ലാപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 31-3-2017 ൽ 5504572/-രൂപ ബാലൻസായുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ജില്ലാപഞ്ചായത്തിന്റെ പ്രവൃത്തികളുടെ ഇ -ടെൻണ്ടർ ഇനത്തിൽ എത്ര തുകയാണ് ബാങ്ക് അക്കൗണ്ടിൽ വരവ് ബ്ളോക്ക്/ഗ്രാമപഞ്ചായത്തുകളുടെതായി എത്ര തുകയാണ് വരവ് വന്നത് എന്നത് സംബന്ധിച്ച സ്ഥാപനം തിരിച്ചുള്ള കൃത്യമായ കണക്കുകൾ ഇല്ല. 3-2-2015 മുതൽ ഈ ഇനത്തിൽ വരവു വരുന്ന തുകകൾ അക്കൗണ്ടിൽ നിക്ഷേപമായി കിടക്കുകയാണ്. പ്രസ്തുത അക്കൗണ്ടിൽ നിന്നും 2015-16 സാമ്പത്തിക വർഷം 1000000/- രൂപ ജില്ലാപഞ്ചായത്തിൽ ടെൻണ്ടർ ഫോറം വിലയായി അടവാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ തങ്ങൾക്കു ലഭിക്കുന്ന വികസനഫണ്ട്, മെയിന്റനെൻസ് ഫണ്ട്, തനത് ഫണ്ട് മറ്റ് സ്രോതസ്സുകൾ എന്നിവ വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവത്തികൾക്കായുള്ള ടെൻണ്ടർ ഫോറം വിൽപ്പന വഴിയുള്ള തുക സ്ഥാപനങ്ങളുടെ തനത് വരുമാനമാണ് ആയത് സാമ്പത്തികവർഷം തന്നെ സ്ഥാപനങ്ങൾക്ക് നൽകാതെ രണ്ടുവർഷത്തോളമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇ-ടെൻണ്ടർ ഇനത്തിൽ വരവു വന്ന വൻതുക എക്സിക്യൂട്ടീവ് എൻഞ്ചിനീയരുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ ജില്ലാപഞ്ചായത്തിന്റെ വിഹിതം എത്രയെന്ന് കണക്കാക്കി ആയത് അതാത് സാമ്പത്തിക വർഷം തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും മറ്റുള്ളവ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകേണ്ടതുമാണ്. 3-2-2015 മുതലുള്ള പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയത്

പരിശോധിച്ചതിൽ നാളിതുവരെയായും പ്രസ്തുത നിക്ഷേപത്തിന് പലിശ കണക്കാക്കിയതായി കാണുന്നില്ല. ആയതിന് മറുപടി നൽകേണ്ടതാണ്.

## 2-3 ജില്ലാ വെറ്ററിനറി കേന്ദ്രം - ദിവസ വരവ് അടവാക്കുന്നതിൽ കാലതാമസം

ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്നവരിൽ നിന്ന് ഈടാക്കുന്ന ഒ.പി ടിക്കറ്റ് ചാർജായ അഞ്ച് രൂപ, രോഗികളിൽ നിന്ന് ഓപ്പറേഷൻ, സ്കാനിങ്ങ് തുടങ്ങിയവയ്ക്ക് ഈടാക്കുന്ന ചാർജ്ജുകളുമാണ് സ്ഥാപനത്തിലെ പ്രധാന വരവുകൾ. ജില്ലാപഞ്ചായത്തന്റെ മാനുവൽ രസീറ്റ് പ്രകാരം തുക കളക്റ്റ് ചെയ്യുകയും ആയത് ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷത്തെ സ്ഥാപനത്തിലെ വരവ് താഴെ പറയും പ്രകാരമാണ്.

| തുക ഇടാക്കിയതീയ്യതി | അടവാക്കിയ തീയ്യതി | രസീത് നം. | അടവാക്കിയ തുക |
|---|---|---|---|
| 7-4-16 വരെ | 8-4-16 | 11601100018 | 8955 |
| 8-4-16 മുതൽ 11-5-16 വരെ | 12-5-16 | 11601100063 | 7660 |
| 12-5-16 മുതൽ 22-6-16 വരെ | 23-6-16 | ബുക്ക് നം -788<br>രസീറ്റ് നം-4 | 8250 |
| 23-6-16മുതൽ 29-7-16 വരെ | 30-7-16 | ബുക്ക് നം -788<br>രസീറ്റ് നം-28 | 7810 |
| 30-7-16മുതൽ 29-9-16 വരെ | 30-9-16 | 11601100239 | 12365 |
| 29-9-16 മുതൽ 19-10-16 വരെ | 20-10-16 | 1601100291 | 5180 |
| 20-10-16 മുതൽ 17-11-16 വരെ | 18-11-16 | 11601100291 | 7045 |
| 18-11-16മുതൽ 14-12-16 വരെ | 15-12-16 | 11601100324 | 5545 |
| 15-12-16 മുതൽ 18-1-17 വരെ | 19-1-17 | 11601100364 | 7350 |
| 19-1-17 മുതൽ 5-2-17 വരെ | 6-2-17 | 11601100373 | 4500 |
| 6-2-17 മുതൽ 3-3-17 വരെ | 4-3-17 | 11601100389 | 5280 |

ഹോസ്പിറ്റൽ വരവ് തുക മാസത്തിൽ ഒരു പ്രാവശ്യം എന്ന കണക്കിലാണ് ജില്ലാപഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല ദിവസ വരുമാനം 500 രൂപയിൽ കൂടുതലാണെങ്കിൽ ആയത് അതേ ദിവസം തന്നെയോ തൊട്ടടുത്ത ദിവസം തന്നെയോ ജില്ലാപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന തീയ്യതി 31-3-2017 വരെ വരവ് വന്ന തുക അന്നുതന്നെ ജില്ലാപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. തുക അടവാക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. പണം അടവാക്കലിലെ മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ അപാകത ചൂണ്ടികാണിച്ചിരുന്നെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ജില്ലാ കോഴിവളർത്തൽ കേന്ദ്രം, കൃഷിതോട്ടങ്ങൾ എന്നിവയിൽ ദിവസവരുമാനം തൊട്ടടുത്ത ദിവസം ജില്ലാപഞ്ചായത്തിന്റെ

പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്ന രീതി നിലവിലുണ്ട്. ദിവസവരവ് അടവാക്കുന്നതിൽ മേൽ രീതികൾ അവലംബിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗം കഴിച്ചുള്ള തുക തിരികെ ലഭിച്ചില്ല- ജില്ലാപഞ്ചായത്തിന് 19.94 ലക്ഷം രൂപയുടെ നഷ്ടം

ഫയൽ നമ്പർ - പി .4/832/14

നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ

പ്രൊജക്ട് നമ്പർ - 100/ 10-11

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ചുള്ളിയകം പട്ടികവർഗ്ഗ കോളനിയിലെ 11 വീടുകൾ വൈദ്യുതീകരിക്കുന്നതിന് 2010-11 വർഷം 25 ലക്ഷം രൂപ (ബിൽ നം.3/10-11 തീ. 05/11/2010) കെ.എസ്.ഇ.ബി. ബാലുശ്ശേരി ഇലക്ട്രിക്കൽ ഡിവിഷനിൽ ഒടുക്കിയിരുന്നു. കെ.എസ്.ഇ.ബി -യുമായി കരാറിലേർപ്പെടാതെയാണ് തുക കൈമാറിയത്. എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. മേൽ പ്രവൃത്തിയുടെ നിർവ്വഹണം കെ.എസ്.ഇ.ബി. ആരംഭിച്ചിട്ടില്ലെന്ന് 12/02/2014 ന് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ ജില്ലാപഞ്ചായത്തിനെ അറിയിച്ചതിനെതുടർന്ന് 21/04/14 ന് ജില്ലാപഞ്ചായത്തിൽ വെച്ച് കെ.എസ്.ഇ.ബി അധികൃതരുടെയും ജില്ലാപഞ്ചായത്ത് ജീവനക്കാരുടെയും ഒരു സംയുക്തയോഗം ജില്ലാപഞ്ചായത്ത് സെക്രട്ടറി വിളിച്ചുചേർത്തു. യോഗത്തിൽ കെ.എസ്.ഇ.ബി. ബാലുശ്ശേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പങ്കെടുത്തിട്ടുണ്ട്. RGGVY പദ്ധതിപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി യോഗത്തിൽ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. തുക കെ.എസ്.ഇ.ബി. യിൽ നിന്ന് തിരികെ വാങ്ങുന്നതിനും യോഗത്തിൽ തീരുമാനമായി. മേൽ തീരുമാനപ്രകാരം തുക തിരിച്ചടക്കാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കെ.എസ്.ഇ.ബി.ക്ക് 16/12/14 ൽ കത്തയച്ചിട്ടുണ്ട്. തുടർന്ന് 07/01/15 ന് 25 ലക്ഷം രൂപ തിരിച്ചടക്കാൻ ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി ക്ക് കത്തയച്ചിട്ടുണ്ട്. 06/03/15 ന് ഇക്കാര്യത്തിൽ ഓർമക്കുറിപ്പും അയച്ചിട്ടുണ്ട് . എന്നാൽ 07/04/15 ന് കെ.എസ്.ഇ.ബി. ജില്ലാപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ RGGVY പദ്ധതിപ്രകാരം മലയുടെ ഒരു ഭാഗത്തെ വീടുകൾ വൈദ്യുതീകരിച്ചതായും മറുഭാഗത്തെ ചില വീടുകൾ വൈദ്യുതീകരിക്കാൻ അവശേഷിക്കുന്ന തായും, ജില്ലാപഞ്ചായത്ത് തിരികെ നൽകാനാവശ്യപ്പെട്ട 25ലക്ഷം രൂപയിൽ ആവശ്യമുള്ള തുക ചെലവഴിച്ച് വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് രേഖാമൂലം അനുമതി നൽകുന്നതിനും ആവശ്യപ്പെട്ടു. തുടർന്ന് 28/04/15 ന് സെക്രട്ടറി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറോട് വൈദ്യുതീകരണം നടത്താത്ത വീടുകളുടെ റിപ്പോർട്ട് നൽകാനാവശ്യപ്പെട്ടു. 12/05/15 ന് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തു.

കോളനിയിലെ മൊത്തം കുടുംബങ്ങൾ - 11

RGGVY പദ്ധതി പ്രകാരം വൈദ്യുതീകരിച്ച വീടുകൾ - 05

വൈദ്യുതീകരിക്കാൻ അവശേഷിക്കുന്നവ - 06

<u>വൈദ്യുതീകരിക്കാത്ത വീടുകളുടെ വിശദവിവരം</u>

1) ബാബു പുന്നക്കടവ്

2) ചിരുത പാമ്പാറ

3) രാജൻ പോറോത്ത്

4) രാജു പോറോത്ത്

5) ജാനകി പോറോത്ത്

6) രാമൻ കരവിക്കൽ

23/04/15 ലെ 26/15(4)(a)നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം മേൽപ്പറഞ്ഞ 6 വീടുകൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബി - ക്ക് അനുമതി നൽകി. 16/04/16 ന് കെ.എസ്.ഇ.ബി ജില്ലാപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ 6 വീടുകളിലേക്ക് പോസ്റ്റ് നാട്ടി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുവേണ്ടി കണക്കാക്കിയിട്ടുള്ളത് 505152 രൂപയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് ഫയലിലില്ല. മേൽ തുകയിൻമേൽ 20% കൂടിയ തുകയായ 101030 രൂപ കൂടി അനുവദിക്കണമെന്നും മേൽ തുക 25 ലക്ഷം രൂപയിൽ നിന്ന് കണ്ടെത്താവുന്നതാണെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. എന്നാൽ 08/08/17 ന് കെ.എസ്.ഇ.ബി ഹാജരാക്കിയ വിനിയോഗസർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 31/03/17 ന് 25 ലക്ഷം രൂപ മേൽപ്പറഞ്ഞ പ്രവൃത്തിക്ക് വിനിയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

505152 രൂപ കഴിച്ചുള്ള തുക ജില്ലാപഞ്ചായത്തിൽ തിരിച്ചടയ്ക്കുന്നതിനു പകരം 25 ലക്ഷം രൂപയും വിനിയോഗിച്ചു എന്ന കെ.എസ്.ഇ.ബി യുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല . 2010 -ൽ കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ച തുക വിനിയോഗിക്കുന്നതിൽ കാലവിളംബം വരുത്തിയശേഷം 20% അധികം തുക നൽകണമെന്ന കെ.എസ്.ഇ.ബി.യുടെ ആവശ്യം അംഗീകരിച്ച് നൽകിയ നടപടി (ജില്ലാപഞ്ചായത്തിന്റെ 7.06.2016ലെ27/16 (4(b)തീരുമാനം) ജില്ലാപഞ്ചായത്തിന്റെ സാമ്പത്തികതാൽപ്പര്യത്തിന് അനുഗുണമല്ല. RGGVY പദ്ധതിപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പ്രധാനഭാഗം പൂർത്തിയാക്കിയത് കെ.എസ്.ഇ.ബി. തന്നെയാണ്. കരാറിലേർപ്പെടാതെ കെ.എസ്.ഇ.ബി ക്ക് തുക നൽകിയതാണ് ഇത്തരം അപാകതകൾക്ക് വഴിവെച്ചത്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചശേഷം ജില്ലാപഞ്ചായത്തിന് നഷ്ടപ്പെട്ട 1994848 രൂപ (2500000 - 505152) തിരികെ ഈടാക്കുന്നതിന് ജില്ലാപഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. തുക ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-2** <u>മാതൃക അങ്കണവാടി നിർമ്മാണം - സർക്കാർ അംഗീകരിച്ച എസ്റ്റിമേറ്റിനും പ്ലാനിനും വിരുദ്ധമായി പ്രവൃത്തി നടത്തി.</u>

സാമൂഹ്യനീതി വകുപ്പിന്റെ സംയോജിത ശിശുവികസന പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിലെ 8 നിയോജക മണ്ഡലങ്ങളിലായി 10 സെന്റ് സ്ഥലത്തിനകത്ത് രണ്ട് നിലകളിലായി 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണത്തിന്

(വൈദ്യുതീകരണവും പ്ലംബിംഗും ഉൾപ്പെടെ) സർക്കാർ അനുമതി നൽകിയിരുന്നു. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ടെൻഡർ ചെയ്ത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയർ മുഖാന്തിരമാണ് പ്രവൃത്തി നടപ്പിലാക്കിയത്. ഓരോ അങ്കണവാടിയുടെയും നിർമ്മാണച്ചെലവ് 23.75 ലക്ഷം രൂപയാണ്. സാമൂഹ്യനീതി വകുപ്പ് 17 ലക്ഷം രൂപയും എം.എൽ.എ ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയുമാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.09.2013 ലെ ഐ.സി.ഡി.എസ് /എ2-25945/11 ഉത്തരവ് പ്രകാരം മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നിലവിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റങ്ങൾ വരുത്തുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 26.10.2017 ന് അങ്കണവാടികളിൽ പ്രാദേശിക പരിശോധന നടത്തിയതിന്റെയും ഫയൽ പരിശോധിച്ചതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിയമസഭാ മണ്ഡലം/ ഗ്രാമപഞ്ചായത്ത് | അങ്കണവാടി നം./ സ്ഥല വിസ്തീർണ്ണം | സാങ്കേതികാനുമതി നം/ അളവു പുസ്തക നം. | ആകെ പ്രവൃത്തി മൂല്യം/ ചെലവഴിച്ച തുക | ബിൽ നം/ തീയതി | വിശദാംശം |
|---|---|---|---|---|---|---|
| 1. | നാദാപുരം/ കാവിലുംപാറ | 103 / 10 സെന്റ് | EE/LSGD /TS-194 /13-14 തീയതി : 21.10.13, അളവു പുസ്തകം- 208/15-16 &225/15 - 16 | 2069142/ 1481070 | 288/ 25.3.17 | സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ല എന്ന സാമൂഹ്യനീതി ഡയരക്ടറുടെ 7.07.2014 ലെ നിർദ്ദേശം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തള്ളിക്കളയുകയും 24.9.2014 ലെ 134/14(11) നംപർ തീരുമാന പ്രകാരം പ്രസ്തുത സ്ഥലം തന്നെ തെരെഞ്ഞെടുക്കുകയും ചെയ്തു. സ്ഥലം നിർ മ്മാണത്തിന് അനുയോജ്യ മാക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് 2015-16 വർഷം 3 ലക്ഷം രൂപ ചെലവഴിച്ചു. 2013-14വർഷം ആരംഭിച്ച പദ്ധതി ഭാഗികമായി പൂർത്തീകരിച്ചത് 26.10.2017 നാണ്. മാതൃക അങ്കണവാടി നിലവിൽ പ്രവർത്തനക്ഷമമാണ്. കെട്ടിടം വൈദ്യുതീകരിച്ചില്ല. അങ്കണവാടിയിൽ 3 ടോയ് ലെറ്റുകളും വാഷ്ബേസിനും ഉണ്ടെങ്കിലും ഒന്നു പോലും ശിശുസൗഹാർദ്ദമല്ല. കുടി വെള്ളത്തിനായി മലമുകളിലെ നീരുറവയിൽ നിന്നും പൈപ്പു മുഖേന ലഭിക്കുന്ന വെള്ളത്തെയാണ് ആശ്രയി ക്കുന്നത്. ഗ്രാമപഞ്ചായത്തി ന്റെ ആസ്തി രജിസ്റ്ററിൽ അങ്കണവാടി കെട്ടിടം ഉൾ പ്പെട്ടിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2. | കൊയിലാണ്ടി/ മൂടാടി | 100 / 10 സെന്റ് | EE/LSGD /TS-203/ 13-14 തീയതി : 21.10.13 അളവു പുസ്തകം 14/13-14, 355/14-15 | 1928698 (1840981 +87717)/ 1928698 | 1.77/1.12. 2014 2. 275/ 23.3.17 | മാതൃക അങ്കണവാടിക്ക് അംഗീകരിച്ച പ്ലാൻ ഇരു നിലയിലാണെങ്കിലും മൂടാടി ഗ്രാമപഞ്ചായത്തിൽ ഒറ്റ നിലയിലാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ മരത്തിന്റെ വാതിലുകളും ജനലും ഉപയോഗിക്കുന്നതിനു പകരം എസ്റ്റി മേറ്റിന് വിരുദ്ധമായി സ്റ്റീൽ കൊണ്ടുള്ള വാതിലുകളാണ് ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും തറനില നിർമ്മാണത്തിനും വയറിംഗ് മറ്റ് അനുബന്ധപ്രവൃത്തികൾക്കും കൂടി 19,28,698 രൂപ ചെലവഴിക്കുകയും ചെയ്തു. കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുകയും (അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല.) കുടിവെള്ളം വൈദ്യുതികണക്ഷൻ എന്നിവ ലഭിച്ചിട്ടുമുണ്ട്. എന്നാൽ നിലവിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തി ക്കുന്നില്ല. സർക്കാർ അനുമ തിയില്ലാതെ പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തിയാണ് പദ്ധതി ഭാഗികമായി നടപ്പിലാക്കിയത്. |
| 3. | പേരാമ്പ്ര / ചങ്ങരോത്ത് | 51/10 സെന്റ് | EE/LSGD /TS-205 /13-14 തീയതി : 21.10.13 അളവ് പുസ്തകം - 1. 296/1415, 2. 297/14-15 | 1970587/ 1970587 | 1/6.4.15 | അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിലെ ടോയ് ലെറ്റ്, ഫ്ലോറിംഗ്, പ്ലംബിംഗ് മുതലായ പ്രവൃത്തികൾ നടത്തിയില്ല. വയറിംഗ് പൂർത്തിയാക്കിയിട്ടു ണ്ടെങ്കിലും കെട്ടിടത്തിന് നമ്പർ ലഭി ക്കാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചില്ല. 2014-15 വർഷം പ്രവൃത്തി ആരംഭിച്ചെങ്കിലും അങ്ക ണവാടി പ്രവർത്തനക്ഷമമാകുന്ന തരത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സർക്കാർ അനുമ തിയില്ലാതെ പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തിയാണ് പദ്ധതി നടപ്പിലാ ക്കിയത്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 4. | ബാലുശ്ശേരി / അത്തോളി | 36/ 12.50 സെന്റ് | EE/LSGD /TS-204 /13-14 തീയതി : 2.10.13<br>അളവു പുസ്തകം-<br>159/13-14 | 1970058 / 1970058 | 121/ 7.12.15 | സാമൂഹ്യ നീതി വകുപ്പിന്റെ അനുമതിയില്ലാതെ പ്ലാനിലും എസ്റ്റിമേറ്റിലും ഭേദഗതി വരു ത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. സ്ഥലം വെള്ളക്കെട്ടുള്ളതിനാൽ തറ നിർമ്മാണം വരെയുള്ള പ്രവൃത്തിക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നു. ആയതിനാൽ ജലവിതരണം സാനിറ്റേഷൻ എന്നീ പ്രവൃത്തികൾ, ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുകയിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. കെട്ടിടത്തിൽ ആകെയുള്ള 3 ടോയ് ലെറ്റുകളും ശിശു സൗഹാർദ്ദമല്ല. |
| 5. | എലത്തൂർ / കുരുവട്ടൂർ | 92 / 38 സെന്റ് | EE/LSGD /TS-82 /15-16 തീയതി : 27.06.15<br>അളവു പുസ്തകം-<br>431/15-16, 442/15-16,<br>399/16-17 | 2316529/ | 156/ 26.12.16 | കുരുവട്ടൂർ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരി ശോധന നടത്തി ഒപ്പ് വെച്ച് കുന്ദമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പ് വെച്ച സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി 13.12.16 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ 18.4.17 ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കയച്ച കത്തിൽ ഫിനി ഷിംഗ് പ്രവൃത്തികൾ അടക്കം ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണെന്നും വ്യക്തമാകുന്നു.കൂടാതെ 30.4.17 വരെ പ്രവൃത്തി ദീർഘീകരണം നട ത്തുന്നതിന് കരാറുകാരൻ അപേക്ഷിച്ചിരിക്കുന്നു. കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ പൂർത്തീകരിക്കാത്തതിനാലും കെട്ടിട നമ്പർ ഇല്ലാത്തതിനാലും വൈദ്യുതി കണക്ഷൻ ലഭിച്ചില്ല. അങ്കണവാടി പ്രവർത്തനക്ഷമമാകുന്ന തരത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല. |
| 6. | കുന്ദമംഗലം/ചാത്തമംഗലം | 112 / 8 | EE/LSGD | 2235650/ | 106/ | മാതൃക അങ്കണവാടിയിൽ സ്ഥാപിച്ച |

| | | | | | | |
|---|---|---|---|---|---|---|
| | | സെന്റ് | /TS-03 /14-15 തീയതി : 15.07.14 അളവു പുസ്തകം- 90/14-15, 397/15-16 | 2235650 | 3.11.15, 81/ 20.09.16 | ടോയ് ലെറ്റുകൾ ശിശു സൗഹാർദ്ദമല്ല. കെട്ടിടത്തിൽ വയറിംഗ്, പ്ലംബിംഗ് എന്നി ജോലികൾ പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.09.2013 ലെ ഐ.സി.ഡി.എസ് /എ2-25945/11 ഉത്തരവ് പ്രകാരം മാതൃകാ അങ്കണവാടി കെട്ടിടം 10 സെന്റ് സ്ഥലത്താണ് നിർമ്മിക്കേണ്ടത് എങ്കിലും 8 സെന്റ് സ്ഥലത്താണ് അങ്കണവാടി നിർമ്മിച്ചത്. മാതൃകാ അങ്കണവാടി 26.10.2017 വരെ പ്രവർത്തനക്ഷമമായില്ല. |
| 7. | കൊടുവള്ളി/ താമ രശ്ശേരി | 118 / 10 സെന്റ് | EE/LSGD /TS-202 /13-14 തീയതി : 21.10.13 അളവു പുസ്തകം- 378/13-14 23/14-15 320/14-15 | 19,77,835/ 19,77,835 | 1. 35/ 13.8.14 | സർക്കാർ അനുമതിയില്ലാതെ പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. കെട്ടിടത്തിന്റെ തറനിലയുടെ നിർമ്മാണം പൂർത്തീകരിച്ച താണങ്കിലും ഒന്നാം നിലയിലെ ഫ്ലോറിംഗ് പ്രവൃത്തി നടന്നിട്ടില്ല. അങ്കണവാടി കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| 8. | തിരുവമ്പാടി / കൊടിയത്തൂർ | 33 / 10 സെന്റ് | EE/LSGD /TS-268 /14-15 തീയതി : 15.10.14 അളവു പുസ്തകം- 8/14-15, 86/14-15 | 2700785 | 65/1.9.15 | കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് തെരെഞ്ഞെടുത്ത സ്ഥലം ചതുപ്പ് നിലമായതിനാൽ തറ നിർമ്മാണം വരെയുള്ള പ്രവൃത്തിക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ഗ്രാമപഞ്ചായത്തിന്റെ പുഴ പുറമ്പോക്ക് ഭൂമിയിൽ പണികഴിപ്പിച്ച കെട്ടിടം 03.10.2015 ൽ പ്രവർ ത്തനം ആരംഭിച്ചെങ്കിലും 10/2017 ലും ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറാത്തതിനാൽ കെട്ടിട നമ്പർ നൽകിയില്ല. ആയതിനാൽ വൈദ്യുതി കണക്ഷന് അപേക്ഷിക്കാൻ കഴി ഞ്ഞില്ല. കെട്ടിടത്തിന് ചുറ്റുമതിലില്ല. ഇരവഴിഞ്ഞിപ്പുഴയോട് ചേർന്ന് നിൽ ക്കുന്നതിനാൽ അപകട സാധ്യത ഏറെയുള്ള സ്ഥലമാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

മാതൃക അങ്കണവാടികൾക്കായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത സ്ഥലം മിക്കതും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായിരുന്നില്ല. ആയതിനാൽ തറ നിർമ്മാണം വരെയുള്ള പ്രവൃത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. എസ്റ്റിമേറ്റിൽ അധികരിച്ച് വരുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. 15.03.2013 ലെ സർക്കാർ കത്ത് നം. 3481/ബി-1/13/എസ്.ജെ.ഡി പ്രകാരം ആവശ്യമുള്ളപക്ഷം പരമാവധി 15% വരെ അധിക തുക അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ അധിക ഫണ്ട് ആവശ്യമായ സെന്റർ നം.33,36,100,103 എന്നീ അങ്കണവാടികൾക്ക് ആവശ്യമായ അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ TSB അക്കൗണ്ടിലേക്ക് മാതൃകാ അങ്കണവാടി നിർമ്മാണത്തിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ വിഹിതം കൈമാറ്റം ചെയ്യുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.2.15 ലെ ICDS. എ8-5410/15 നടപടി പ്രകാരം വകുപ്പ് വിഹിതത്തിൽ നിന്നും കുറവ് തുകയിൽ നിർമ്മാണം പൂർത്തീകരിക്കുന്നപക്ഷം ബാക്കി തുക സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പേരിൽ റീഫണ്ട് ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമല്ല. സർക്കാർ അംഗീകരിച്ച എസ്റ്റിമേറ്റിനും പ്ലാനിനും വിരുദ്ധമായി പ്രവൃത്തി ചെയ്തതിനും ഓഡിറ്റ് തീയതിവരെ ഏതാനും മാതൃക അങ്കണവാടികൾ പ്രവർത്തനക്ഷമമാകാതിരുന്നതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-3 ഡ്രൈനേജ് ഫോം വർക്കിന് അധിക നിരക്ക് നൽകി

ജില്ലാ പഞ്ചായത്തിലെ അധിക റോഡ് പ്രവൃത്തികൾക്കും ഡ്രൈനേജ് ഉണ്ടാക്കിയിട്ടുണ്ട്. ഈ ഡ്രൈനേജ് ഫോം വർക്കിന് ഡി എസ് ആർ ഐറ്റം കോഡ് 5.9.5 പ്രകാരം Lintels, beams, plinth beams, girders, bressumers and cantilevers ഇത് നിർമ്മിക്കാൻ ആവശ്യമായ സെന്ററിംഗ് & ഷട്ടറിംഗിന് നൽകുന്ന നിരക്കാണ് ഡ്രൈനേജ് നിർമ്മിക്കാൻ ആവശ്യമായ ഫോം വർക്കിന് നൽകിയിരിക്കുന്നത്. ഐറ്റം കോഡ് 5.9.5 പ്രകാരം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

Details of cost for a beam of 6 m clear span,

0.50 m deep 0.30 m wide and height 3.5 m from

floor Cubical contents 6.60x0.5x0.3 = 0.99 cum

1x1.30x6.00 = 7.80 sqm

MATERIAL:

Qty taken for cost of using once = 302.85 x85/40 = 6.4356 kg

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 10.1 | Rate as per Item Number 10.1 of SH: Steel work | Kg | 6.4356 | 67.70 | 435.69A |
| 7343 | Adjustable telescopic prop 3 m (2.02-3.75 m) Qty taken for cost of using once = 6x0.85/40<br>= 0.1275 m | each | 0.1275 | 1200.00 | 153.00 |
| 7344 | Beam clamp 300-380 mm (450-1070 mm) Qty taken for cost of using once = 5/0.85/40<br>= 0.1063 m | Each set | 0.1063 | 422.00 | 42.86 |
| 9999 | Assembly nut & bolts etc.<br>Qty taken for cost of using once = 1040x0.85/40<br>= 22.10 | L S | 22.100 | 1.78 | 39.34 |
| 9999 | Carriage | L S | 78.000 | 1.78 | 138.84 |
| | LABOUR | | | | |
| 0116 | Fitter grade-1 | Day | 1.250 | 435.00 | 543.75 |
| 0114 | Beldar | Day | 2.500 | 329.00 | 822.50 |
| 9999 | Shuttering oil | LS | 39.00 | 1.78 | 69.42 |
| 9999 | Sundries, Paper, tape etc., | LS | 24.610 | 1.78 | 43.81 |
| | Total | | | | 2291.21 |
| | Add Water Charges @ 1% except on A i.e on<br>(2,291.21 - 435.69 =) 1,855.52 | | | | 18.56 |
| | Total | | | | 2309.77 |
| | Add CPOH @ | | | | 281.11 |

| | | | | | |
|---|---|---|---|---|---|
| | 15% except on A i.e on<br>(2,309.77 - 435.69 =) 1,874.08 | | | | |
| | Cost of 7.8 sqm | | | | 2590.88 |
| | Cost of 1 sqm | | | | 332.16 |
| | Say | | | | 332.15 |

ഇതിൽ നിരക്ക് കണക്കാക്കിയപ്പോൾ 3 മീറ്റർ നീളത്തിലുള്ള താങ്ങ്, 3 പ്ലെയിറ്റുകൾ കൂട്ടി ഘടിപ്പിക്കുന്ന ക്ലിപ്പ് 3 ഷീറ്റ് എന്നിവയുൾപ്പെടെ മുകളിൽ പറഞ്ഞ ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ നിരക്കാണ് ഇത്. കൂടാതെ വിദഗ്ദ തൊഴിലാളി, അവിദഗ്ദ തൊഴിലാളി എന്നിവർക്ക് നൽകുന്ന കൂലിയും ഇതിൽ അധികമാണ്. അടിസ്ഥാന നിരക്ക് 332.15 കോസ്റ്റ് ഇൻഡക്സ് 1.381 കൂടി കൂട്ടി ഈടാക്കിയ നിരക്ക് 458.69 ആണ്.

എന്നാൽ സാധാരണ ഡ്രൈനേജ് നിർമ്മിക്കാൻ ഈ ഫോംവർക്ക് ആവശ്യമില്ല. ഇതിന് പകരമായി ഐറ്റം കോഡ് 5.9.1 ന്റെ നിരക്ക് അനുവദിക്കാവുന്നതാണ്. ഇതിലും Foundations, footings, bases of columns, etc. for mass concrete എന്നിവയ്ക്കായി നൽകുന്ന നിരക്കാണ് അനുയോജ്യമായത്. ഇതിലും ഷീറ്റ് അത് താങ്ങി നിർത്താൻ ഉള്ള കാൽ, ക്ലിപ്പ്, എന്നിവയ്ക്ക് എല്ലാം നിരക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ അനുവദിക്കാവുന്ന അടിസ്ഥാന തുക ച മീറ്ററിന് 196.45 ആണ്. ഇതിന്റെ വർദ്ധിച്ച നിരക്ക് 271.29 (196.45 x 1.381) ആണ്.

ഇത്തരത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധിക നിരക്കാണ് അനുവദിച്ചത്.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഫോം വർക്ക് ചെയ്ത അളവ് | അനുവദിച്ച നിരക്ക്- ച.മീ - തുക | അനുവദിക്കാവുന്ന നിരക്ക്- തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | മുത്തമ്പി- നടുവത്തൂർ മഠത്തിൽ താഴെ കീഴരിയൂർ<br>നം- 95/16 അടങ്കൽ- 15,00,000 (MG- R) പ്രവൃത്തിമൂല്യം- 1473959; bill no. 357/15-16 dtd 25.3.16 Rs- 822545; ബിൽ നം 2/16-17 dtd 9.9.16 തുക- 651414;<br>കരാറുകാരൻ- ശ്രീ സുമേഷ് | ഇനം നം. 2<br>40.392 ച മീ | 40.392x 458.70= 18527.81- tender below-0.3%= 55.58 – 18472.23 | 40.392x271.29= 10957.95 (-)32.87 10925.08 | 7547.15 |

| | | | | | |
|---|---|---|---|---|---|
| | കെ.( എം ബുക്ക്- 140/15-16) | | | | |
| 2 | പുറമേരി- സോമിൽ വെള്ളത്ത പറമ്പ് നാദാപുരം റോഡ് രണ്ടാം ഘട്ടം - 111/16<br>MGR- 30,00,000<br>പ്രവൃത്തി മൂല്യം- 2664369<br>ബിൽ - 34/16-17 dtd 26.10.16- 1138272;<br>1526097;<br>എം ബുക്ക് 257/15-16<br>235/15-16<br>കരാറുകാരൻ- അനിൽ ജോസ് | ഇനം നം. 3<br>163.92 ച മീ | 163.92x 458.70 = 75190.11- tender below 0.51%= 383.46 – 74806.65 | 163.92x 271.29= 44469.85 0.51% 44243 | 30564 |
| 3 | തേരായി കോട്ടക്കുന്ന് കോളനി റോഡ്- അത്തോളി<br>112/17 ; 20,00,000 (SCP)<br>പ്രവൃത്തി മൂല്യം- 1800002<br>ബിൽ നം- 64/16-17 22.11.16Rs- 1800002<br>എം ബുക്ക്- 375/14-15<br>കരാറുകാരൻ- സുഗുണൻ പി | ഇനം നം. 12<br>25.62ച മീ | 25.62x458.70 = 11751.89- tender below 9.9999% = 1175.17= 10756.72 | 25.62x 271.29= 6950.45 – (9.99%) 694 = 6256 | 4501 |
| 4 | മുണ്ടോത്ത് കുമുള്ളി റോഡ് 54/16 ; MGR- 30,00,000 | ഇനം നം. 6<br>128.98ച മീ | 128.98x 458.70= 59163.13- tender below- | 128.98x 271.29= 34990.98 – (6.66%) | 22562 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തി മൂല്യം-1884095<br>ബിൽ നം-216/16-17 dtd 28.3.17- Rs 1884095<br>കരാറുകാരൻ-ഷമേജ്<br>എം ബുക്ക്-191/15-16 | | 6.66%-3940.26 = 55222.87 | 2330 = 32661 | |
| 5 | ഇയ്യാട് - കൈപ്രം വട്ടോളി ബസാർ റോഡ് - 528/17<br>MGR-15,00,000<br>പ്രവൃത്തിമൂല്യം-1263179<br>ബിൽ നം-220/16-17 dtd 29.3.17<br>എം ബുക്ക് 194/16-17<br>കരാറുകാരൻ-എം കെ കോയ | ഇനം- 6<br>94.42 ച മീ | 94.42x 390= 36823.80 | 94.42x 271.29= 25615.20 | 11208.6 |
| 6 | ആറങ്ങോട്ട് താഴെ-വണ്ണാറത്ത് താഴെ റോഡ്-വില്ല്യാപ്പള്ളി 110/17<br>MGR-30,00,000<br>പ്രവൃത്തിമൂല്യം-2535792<br>ബിൽ നം-374/15-16 dtd 31.3.16- Rs 2067009<br>കരാറുകാരൻ-ഗോവിന്ദൻ എം മണപ്പാട്ടിൽ | ഇനം- 5<br>1008.357 ച മീ | 1008.357x 458.70= 462533.35- tender below 6.2%- 28677.06= 433856.29 | 1008.357x 271.29= 273557.17 – (6.2%) 16961 = 256596 | 177260 |
| 7 | കൊളത്തുംതറ കുവപ്പൊയിൽ റോഡ്- | 48.91 ച മീ | 48.91x458.70= 22435 | 48.91x271.29= 13268.79 | 9166.21 |

| | | | | | |
|---|---|---|---|---|---|
| | ചക്കിട്ടപ്പാറ 26/17<br>Gen- 20,00,000 പ്രവൃത്തിമൂല്യം - 16,26,263<br>ബിൽ നം- 137/16-17 dtd 14.3.17 Rs-16,26,263<br>എം ബുക്ക് നം 331/15-16<br>കരാറുകാരൻ- വി സി എൽദോ | | | | |
| 8 | പെരുമണ്ണ മുണ്ടുപാലം റോഡ് 8/17 – പെരുമണ്ണ പഞ്ചായത്ത്- MGR 20,00,000 പ്രവൃത്തിമൂല്യം- 1891774 കരാറുകാരൻ- ശ്രീ കുഞ്ഞാമു എം കെ. ബിൽ നം- 1/16-17 dtd 28.9.2016 | ഇനം- 7<br>50.73 ച മീ | 50.73x 458.70= 23269.85 | 50.73x 271.29= 13757.97 | 9511.88 |
| 9 | പുതിയേടത്ത് താഴം പോറോത്ത് താഴം പാവയിൽ പറമ്പ് റോഡ് - ചേളന്നൂർ - 4/17 MGR- 40,00,000<br>പ്രവൃത്തിമൂല്യം- 3633094<br>എം ബുക്ക് 355/15-16<br>കരാറുകാരൻ- ക്ലിയർവെ ഇൻഫ്രാസ്ടക്ചർ<br>ബിൽ നം- 75/16-17 dtd 23.12.2016 | ഇനം 17 99.57ച മീ<br>ഇനം 25 82.49ച മീ | 99.57x458.70= 45672.76<br>82.49x458.70= 37838.16 | 99.57x271.29= 27012.34<br>82.49x271.29= 22378.71 | 34119.87 |

| | | | | | |
|---|---|---|---|---|---|
| 10 | തിരുതോത്ത് മീത്തൽ കോളനിറോഡ്-118/17 SCP-15,00,000 പ്രവൃത്തിമൂല്യം-1266009<br>ബിൽ നം-179/16-17 dtd 23.3.17<br>കരാറുകാരൻ- ഒ കെ മോഹനൻ<br>എം ബുക്ക്-201/16-17 | ഇനം 4 25.35ച മീ | 25.35x458.70= 11628.05 | 25.35x 271.29= 6877.20 | 4750.85 |
| 11 | മണ്ണൂർ വടക്കമ്പാട് റോഡ് -കടലുണ്ടി 1/17<br>25,00,000 MGR<br>പ്രവൃത്തിമൂല്യം-2490331<br>ബിൽ നം-279/15-16 – 1481699; 150/16-17 dtd 21.12.16 Rs 768992<br>കരാറുകാരൻ-നിസാർ സി<br>എം ബുക്ക്-210/16-17; 380/15-16 | ഇനം 12 119.40ച മീ | 119.40x 458.70= 54768.78 | 119.40x 271.29= 32392.02 | 22376.76 |
| 12 | മീൻമുട്ടി എസ് സി കോളനി റോഡ് -കോടഞ്ചേരി 856/17<br>10,00,000 -SCP<br>പ്രവൃത്തിമൂല്യം-950398<br>ബിൽ നം-229/16-17 dtd 30.3.17 – 950398; | ഇനം 6<br>47.80ച മീ | 47.80x 458.70= 21925.86-tender below 4.63% -1015.16= 20910.70 | 47.80x 271.29= 12967.66 – (4.63%) 600 =12368 | 8543 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ- പി പി ഇബ്രാഹിം.<br>എം ബുക്ക്- 246/16-17; | | | | |
| | ആകെ | | | | 342110 |

മേൽ സൂചിപ്പിച്ച വിധം അധികം നൽകിയ തുക ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 വാറ്റ് ഈടാക്കിയതിൽ കുറവ്

പ്രൊജക്ട് - കൊട്ടാരമുക്ക്- കുതിരപ്പന്തി റോഡ്

പ്രൊജക്ട് നം - 761/17

അടങ്കൽ - 10,00,000 രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്)

അളവ് ബുക്ക് നം - 325/16-17

കരാറുകാരൻ - ശ്രീ ശശീന്ദ്രൻ ടി കെ

കരാർ നം - EE/LSGD/118/2016-17 തി. 9.2.2016

പ്രവൃത്തി മൂല്യം - 8,96,838രൂപ.

ബിൽ നം, തുക - 8,96,838രൂപ. (280/16-17 dtd. 9.12.2016)

പനങ്ങാട് ഗ്രാമപഞ്ചായത്തിലെ കൊട്ടാരമുക്ക് - കുതിരപ്പന്തി റോഡ് ചെയിനേജ് 0/000 മുതൽ 0/800 വരെ ടാറിംഗിന് ആണ് പ്രൊജക്ട് തയ്യാറാക്കിയത്. കരാറുകാരൻ പ്രവൃത്തി നടത്തി പ്രവൃത്തി മൂല്യം 896838 രൂപയാണ്. 4% വാറ്റ് ആണ് ഈടാക്കിയത്. എന്നാൽ, കരാറുകാരൻ ഹാജരാക്കിയ 8.4.2016 തിയ്യതിയിൽ Form No. 1 E യിൽ (ടി എൻ നം. 32111518217) 5% വാറ്റ് ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ഈടാക്കിയതിൽ കുറവ് വന്ന നികുതി താഴെ കൊടുക്കുന്നു :-

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| പ്രവൃത്തി മൂല്യം | 896838 | 896838 |
| കുറയ്ക്കുക | | |
| വാറ്റ് | 35874 | 44842 |
| ആദായ നികുതി | 8968 | 8968 |
| നി.തൊ. ക്ഷേമനിധി | 8968 | 8968 |
| ആകെ കുറവ് വരുത്തേണ്ടത് | 53810 | 62778 |
| കരാറുകാരന് നൽകേണ്ട തുക | 843028 | 834060 |

8968 രൂപ വാറ്റിനത്തിൽ കുറവായി ഈടാക്കിയ തുക ഉത്തരവാദിയായ എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി

| | |
|---|---|
| പ്രൊജക്ട് | - ആറങ്ങോട്ട് താഴെ വണ്ണാറത്ത് താഴെ റോഡ് |
| പ്രൊജക്ട് നം | - 110/17 |
| അടങ്കൽ | - 30,00,000 രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| എഗ്രീഡ് പി എ സി | - 2810729 രൂപ |
| അളവ് ബുക്ക് നം | - 98/16-17; 402/15 |
| കരാറുകാരൻ | - ശ്രീ ഗോവിന്ദൻ എം മണപ്പാട്ടിൽ |
| കരാർ നം | - EE/LSGD/199/2015-16 തി. 11.9.2015 |
| പ്രവൃത്തി മൂല്യം | - 2535792രൂപ. |
| ബിൽ നം, തുക | - 2067009രൂപ. (374/15-16 dtd. 31.3.2016) |

1076 മീറ്റർ ടാർ റോഡിൽ ഡ്രൈനേജ് സൗകര്യം ഇല്ലാത്തതിനാൽ മഴവെള്ളം റോഡിലൂടെ കുത്തിയൊഴുകുന്നതിനാൽ 679 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഡ്രൈനേജ് പണിയുന്നതിനും റോഡിന്റെ ഇരുവശത്തുമായി 81 മീറ്റർ നീളത്തിൽ ഐറിഷ് ഡ്രൈൻ പണിയുന്നതിനും അനുബന്ധമായി ഒരു കൾവർട്ട് ഉണ്ടാക്കുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

2015-16 വർഷത്തിൽ 20,67,009 രൂപയുടെ പ്രവൃത്തി നടത്തി മുകളിൽ പറഞ്ഞ ബിൽ പ്രകാരം തുക കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരമുള്ള അവസാന പ്രവൃത്തി 22.8.2016 ന് പൂർത്തിയാക്കി. എം ബുക്കിൽ ഫൈനൽ ബിൽ എന്ന രൂപത്തിൽ 27,03402.89 രൂപ മൂല്യ നിർണ്ണയം നടത്തുകയും ടെൻഡർ കുറവ് 6.2 % കുറച്ച് 25,35,792 ൽ ബിൽ തയ്യാറാക്കി. എന്നിരുന്നാലും തൻവർഷം ബിൽ തുക കരാറുകാരന് കൈമാറിയില്ല. അസിസ്റ്റന്റ് എൻജിനിയർ 1.2.2017 ന്, റോഡിൽ മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്നതിനാൽ നിലവിൽ കൽകെട്ട് ഉള്ളിടത്ത് കെട്ടിയുയർത്താൻ കഴിയാത്തതിനാൽ പുതിയ കൽവെർട്ട് ഉണ്ടാക്കാൻ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അനുമതി ലഭിക്കാൻ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനിയർക്ക് കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയ്ക്ക് മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ജില്ലാ പഞ്ചായത്ത് ഭരണസമിതി അനുമതി നൽകുകയും ചെയ്തു.

ഒരു പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞാൽ ആ പ്രൊജക്ട് നിർത്തുന്നതിന് പകരം വേറെ ഇനം പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അതേ കരാറുകാരന് നൽകിയത് ശരിയായ നടപടിയല്ല. 22.8.2016 ന് പണി പൂർത്തിയാക്കി ബിൽ തയ്യാറാക്കിയ പ്രവൃത്തിക്ക് ബിൽ തുക നൽകാതെ 5 മാസം വൈകി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും തൻവർഷം ഒരു തുകയും കരാറുകാരന് നൽകാതെ പ്രവൃത്തി സ്പിൽ ഓവർ ആക്കിയതും എന്ത് അടിസ്ഥാനത്തിൽ ആണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-6 തളീക്കര – ചങ്ങരംകുളം ട്രാൻസ്ഫോർമർമുക്ക് റോഡ് - കായക്കൊടി - അപാകതകൾ

നിർഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

| | |
|---|---|
| പ്രൊജക്ട് | - 343/1710714, |
| അടങ്കൽ | - 1500000, തനത് ഫണ്ട് |
| | - 2066214,സംരക്ഷണഗ്രാന്റ് (റോഡ്) |
| | - 10714, വികസനഫണ്ട് |
| | - 3576928 |
| സാങ്കേതികാനുമതി | - EE/LSGD/TS – 436/15-16/ 3.3.16 |
| കരാർ നം. | - EE/LSGD/83/16-17/ 15.7.16 |
| PAC | - 3223123, |
| അളവ് പുസ്തകം | - 88/15-16, 226/15-16 |
| പ്രവൃത്തിമൂല്യം | - 3215867 (ടെണ്ടർ കുറവ് -9.87% ) |
| ചെലവ് തുക | - 2066214, ബിൽ നം.277/16-17/31.3.17 |
| | - 10714, ബിൽ നം.276/16-17/31.3.17 |
| | - 1138939, ചെക്ക് നം. 1846086/ 31.3.17 |
| കരാറുകാരൻ | - ശ്രീ.വിൽസൺ തോമസ് |

ജില്ലാപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തളീക്കര – ചങ്ങരംകുളം ട്രാൻസ്ഫോർമർമുക്ക് റോഡിന്റെ ചെയിനേജ് 0/000 മുതൽ 1/650 വരെ ഗതാഗതയോഗ്യമാക്കുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ചെയിനേജ് 0/035മുതൽ 0/065വരെ, 0/500മുതൽ 0/900വരെ, 1/040മുതൽ 1/125വരെയുള്ള ഭാഗത്ത് റോഡ് മണ്ണിട്ടുയർത്തി ക്വാറി മക്ക് ഇട്ട് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് നടത്തുന്നതിനും ബാക്കി ഭാഗങ്ങളിൽ റീടാറിംഗ് നടത്താനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മണ്ണിട്ടുയർത്താനുള്ള ഭാഗം 515മീ നീളത്തിൽ നിലവിലുള്ള റോഡ് സ്കാരിഫൈ ചെയ്ത് പവർ റോളർ ഉപയോഗിച്ച് അമർത്തുന്ന പ്രവൃത്തി ഇനം 7 ആയി ചെയ്തിട്ടുണ്ട്. ആയതിന് 18.99/m2 രൂപ നിരക്കിൽ 1545m2 പ്രവൃത്തിക്ക് 26444 രൂപ(ടെണ്ടർ കുറവ് -9.87%) നൽകിയിട്ടുണ്ട്. സ്കാരിഫൈ ചെയ്തതിന് മുകളിൽ മണ്ണ്, ക്വാറി മക്ക് എന്നിവ നിറച്ചിട്ടുണ്ട്. നിലവിലുള്ള ടാറിംഗ് സ്കാരിഫൈ ചെയ്യുന്നതിന് 2014ലെ DSR കോഡ് 16.77പ്രകാരം അനുവദനീയമായ നിരക്ക് 4.35/m2 ആണ്. ഇപ്രകാരം 1545m2 ന് അനുവദിക്കാവുന്ന തുക 1545m2 x 4.35/m2= 6057രൂപയാണ് (ടെണ്ടർ കുറവ് -9.87% ). ഇതിന് വിരുദ്ധമായി 20387 രൂപ അധികം നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/25.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 20387 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 അരിക്കുളം - സിനിമാ ടാക്കീസ് റോഡ് (അരിക്കുളം

## ഗ്രാമപഞ്ചായത്ത്) - ഫൈൻ ഈടാക്കിയതിൽ കുറവ്

നിർഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് - 143/17

അടങ്കൽ - 1500000, സംരക്ഷണഗ്രാന്റ് (റോഡ്)

സാങ്കേതികാനുമതി - EE/LSGD/TS – 140/14-15/ 1.10.14

കരാർ നം. - EE/LSGD/284/14-15/ 16.2.15

PAC - 1326074,

അളവ് പുസ്തകം - 356/14-15

ചെലവ് തുക - 1305355, ബിൽ നം.283/16-17/30.3.17

കരാറുകാരൻ - SWALCOS ലിമിറ്റഡ്, വടകര

2014-15ൽ ആരംഭിച്ച് 2016-17-ൽ സ്പിൽ ഓവറായി പൂർത്തിയാക്കിയതാണ് ഈ പദ്ധതി. അരിക്കുളം - സിനിമാ ടാക്കീസ് റോഡിൽ ചെയിനേജ് 0/000 മുതൽ 0/1860 വരെ റീടാറിംഗ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം പൂർത്തീകരണ കാലാവധി 5 മാസമായിരുന്നു. 16.2.2015ന് കരാറുകാരനുമായി കരാർ വെയ്ക്കുകയും 20.2.15ന് സൈറ്റ് കൈമാറുകയും ചെയ്തു. മഴക്കാലത്ത് സ്ഥിരമായി വെള്ളം കയറുന്ന ഭാഗത്ത് മണ്ണിട്ട് ഉയർത്തി യാത്രാസൗകര്യം മെച്ചപ്പെടുത്തണമെന്ന പരിസരവാസികളുടെ രേഖാമൂലമുള്ള അപേക്ഷ പരിഗണിച്ചും എസ്റ്റിമേറ്റ് എടുക്കുമ്പോൾ ഉണ്ടായിരുന്നതിലും അധികം കേടുപാടുകൾ സംഭവിച്ചതിനാലും അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് പന്തലായനി ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.2.16ലെ AEE/PBP/DP/15-16നം. കത്ത് പ്രകാരം ആവശ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 25.2.16ലെ 9/16(3)(1)നം. തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ പ്രവൃത്തി കാലാവധി ദീർഘിപ്പിക്കണമെന്ന കരാറുകാരന്റെ അപേക്ഷ പ്രകാരം 3% പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കരാർ പ്രകാരം 19.7.15-ൽ ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 26.5.2016ലാണ്. അതായത് 44.57 ആഴ്ചകൾക്ക് ശേഷമാണ്. 1.2.2012ലെ (പി) 13/12 പി.ഡബ്ല്യു.ഡി സർക്കാർ ഉത്തരവിലെ സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ആദ്യ തവണ 1% ഫൈനോടുകൂടി 25%വും രണ്ടാമത് തവണ 2% ഫൈനോടുകൂടിയും പരമാവധി ഒറിജിനൽ കംപ്ലീഷൻ പിരീഡിന്റെ 50% വരെ ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് ഒരു വർഷം കഴിഞ്ഞാണ് കാലാവധി ദീർഘിപ്പിക്കാനുള്ള അപേക്ഷ നൽകിയത്. നിശ്ചിത സമയപരിധിക്കുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി ദീർഘിപ്പിക്കാനുള്ള അപേക്ഷ സമർപ്പിക്കാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പരിഗണിക്കാവുന്നതല്ല. ആയതിനാൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116-1 അനുസരിച്ച് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വരുത്തിയ ഓരോ ആഴ്ചക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ആയി 4.457% ഫൈൻ ഈടാക്കേണ്ടതായിരുന്നു. അതായത് 13,26,074 x 4.457% = 59103രൂപ. എന്നാൽ 39782രൂപയാണ് ഫൈൻ ഈടാക്കിയത്. അപാകതയ്ക്ക് വിശദീകരണം

നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/25.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന 19321രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 വാഴോറമല എസ് സി കോളനി റോഡ് - കോട്ടൂർ - അപാകതകൾ

നിർഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് - 143/17

അടങ്കൽ - 2500000, വികസനഫണ്ട്(എസ് സി പി)

സാങ്കേതികാനുമതി - EE/LSGD/TS – 399/15-16/ 15.2.16

കരാർ നം. - EE/LSGD/59/15-16/ 24.6.16

PAC - 2244962,

അളവ് പുസ്തകം - 199/16-17

പ്രവൃത്തിമൂല്യം - 1991579 (ടെണ്ടർ കുറവ് -9.01% )

ചെലവ് തുക - 1305355, ബിൽ നം.245/16-17/30.3.17

കരാറുകാരൻ - ശ്രീ.എം.സി.മുഹമ്മദ് അലി

ജില്ലാപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴോറമല എസ് സി കോളനി റോഡിന്റെ ചെയിനേജ് 0/185 മുതൽ 0/350 വരെ ആവശ്യമായ ഭാഗങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ച് പാർശ്വഭിത്തി കെട്ടുന്നതിനും ബെൽറ്റ് കോൺക്രീറ്റും റോഡിൽ ആവശ്യമായ ഭാഗങ്ങളിൽ മണ്ണ് നീക്കം ചെയ്ത് കയറ്റം കുറയ്ക്കുന്നതിനും മണ്ണ് ഫില്ലിംഗിനും വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതു പ്രകാരം ചെയിനേജ് 0/185മുതൽ 0/205വരെ മണ്ണ് നീക്കം ചെയ്ത് കയറ്റം കുറയ്ക്കുകയും, 0/205മുതൽ 0/350വരെ മണ്ണ് ഫില്ലിംഗും, 0/230മുതൽ 0/310വരെയുള്ള ഭാഗത്ത് ക്വാറി മക്ക് ഇട്ട് 10സെ.മീ. കനത്തിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റും അതിന് മുകളിൽ 20എംഎം മെറ്റലുപയോഗിച്ച് 10സെ.മീ. കനത്തിൽ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അധികകനത്തിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്തതും നിരക്ക് അധികം നൽകിയതും.

വാഹനങ്ങളുടെ ബാഹുല്യവും സബ് ഗ്രേഡിന്റെ ഉറപ്പും പരിഗണിച്ച് റോഡുകളിൽ 40എംഎം മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10മുതൽ15cmവരെയുള്ള കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5മുതൽ 7.5cmവരെയുള്ള കനത്തിലും ചെയ്യാമെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4-9099/2015/സിഇ/തസ്വഭവ, തീ.28.09.2015 കത്ത് കാണുക). എന്നാൽ മേൽ പ്രവൃത്തിയിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുണ്ട്. കൂടാതെ 20എംഎം മെറ്റലുപയോഗിച്ച് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് ഡിഎസ്ആർ (DSR) കോഡ് നം.4.1.3 ലെ നിരക്ക് 7548.96/m3 (കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പടെ) എടുക്കേണ്ടതിന് പകരം 11.7ലെ നിരക്ക് 7953.46/m3 കണക്കാക്കിയതിനാലും അധികച്ചെലവ് വന്നിട്ടുണ്ട്.

അധികം ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| 1:2:4കോൺക്രീറ്റ് ചെയ്ത അളവ് (m3) | ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | അനുവദിക്കാവുന്ന കനവും തുകയും | അധികം |
|---|---|---|---|
| 35m3 | 350m2x0.10 =35m3,<br>35x7953.46/m3 = 278371.10 രൂപ | 350m2x0.075 = 26.25m3,<br>26.25x7548.96/m3 = 198160.20 രൂപ | 80211 |

2. ചെയിനേജ് 0/185 മുതൽ 0/350 വരെയുള്ള റോഡിൽ 0/230 മുതൽ 0/310 വരെയുള്ള ഭാഗത്താണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. 0/185 മുതൽ 0/230 വരെയും 0/310 മുതൽ 0/350 വരെയും നിലവിൽ മൺറോഡാണ്. റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാതെ കുറച്ച് ഭാഗം മാത്രം കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/25.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 80211രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## **3-9** വിവിധ റോഡ് പ്രവൃത്തികൾ - സിമന്റ് കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചു

ജില്ലാപഞ്ചായത്തിൽ 2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തികളിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കരാറുകാരന്റെ ലാഭവും, ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടെ ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരം 7548.96രൂപയാണ് കരാറുകാർക്ക് അനുവദിക്കേണ്ടിയിരുന്നത്. അതിന് പകരം ഫ്ലോറിംഗിന് 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന്റെ നിരക്കായ (code 11.7) 7953.46 രൂപ കരാറുകാരന് ഈ ഇനത്തിൽ അനുവദിച്ചു. അതിനാൽ താഴെ കൊടുത്ത പ്രകാരം അധികം തുക കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | പ്രവൃത്തിയുടെ പേര്,<br>പ്രൊജക്ട് നം.എസ്റ്റി.തുക,ബിൽ | 1:2:4 ചെയ്ത അളവ് (m3) | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | മണ്ണൂർ വടക്കുമ്പാട് റോഡ് - കടലുണ്ടി- 1/17 അടങ്കൽ - 25,00,000, | ഇനം 15 48.4m3 | 351457<br>(@7953.46) | 333583<br>(@7548.96) | 17874 |

| | | | | | |
|---|---|---|---|---|---|
| | സംരക്ഷണഗ്രാന്റ്(റോഡ്)<br>പ്രവൃത്തിമൂല്യം - 2208407<br>ചെലവ് തുക: 768992, ബിൽ നം. 150/16-17 തീ.21.12.2016 1481699, ബിൽ നം. 279/15-16<br>അളവുപുസ്തകം - 380/15-16, 210/16-17<br>കരാറുകാരൻ– ശ്രീ.നിസാർ.സി | | (ടെണ്ടർ കുറവ് -8.7%) | (ടെണ്ടർ കുറവ് -8.7%) | |
| 2 | തളീക്കര – ചങ്ങരംകുളം ട്രാൻസ്ഫോർമർമുക്ക് റോഡ്- കായക്കൊടി - 343/17 അടങ്കൽ - 1500000, തനത് ഫണ്ട് 2066214,സംരക്ഷണഗ്രാന്റ് (റോഡ്)<br>10714, വികസനഫണ്ട് 3576928<br>പ്രവൃത്തിമൂല്യം - 3215867<br>ചെലവ് തുക: 2066214, ബിൽ നം.277/16-17/31.3.17<br>10714, ബിൽ നം.276/16-17 /31.3.17<br>1138939, ചെക്ക് നം. 1846086/ 31.3.17<br>അളവുപുസ്തകം - 88/15-16, 226/15-16<br>കരാറുകാരൻ – ശ്രീ.വിൽസൺ തോമസ് | ഇനം 26 25.50m3 | 182795 (@7953.46)<br>(ടെണ്ടർ കുറവ്. 9.87%) | 173498<br>(@7548.96)<br>(ടെണ്ടർ കുറവ് – 9.87%) | 9297 |
| 3 | മുത്തമ്പി- നടുവത്തൂർ മഠത്തിൽ താഴെ കീഴരിയൂർ<br>നം- 95/16 അടങ്കൽ- 15,00,000 (MG- R) പ്രവൃത്തിമൂല്യം- 1473959; bill no. 357/15-16 dtd 25.3.16 Rs- 822545; ബിൽ നം 2/16-17 dtd 9.9.16 തുക- 651414;<br>കരാറുകാരൻ- ശ്രീ സുമേഷ് കെ.( | ഇനം 26 7.698m3 | 61225.73 (@7953.46) | 58112<br>(@7548.96) | 3114 |

| | | | | | |
|---|---|---|---|---|---|
| | എം ബുക്ക്- 140/15-16) | | | | |
| 4 | പുറമേരി- സോമിൽ വെളുത്ത പറമ്പ് നാദാപുരം റോഡ് രണ്ടാം ഘട്ടം - 111/16<br>MGR- 30,00,000<br>പ്രവൃത്തി മൂല്യം- 2664369<br>ബിൽ - 34/16-17 dtd 26.10.16- 1138272;<br>1526097;<br>എം ബുക്ക് 257/15-16<br>235/15-16<br>കരാറുകാരൻ- അനിൽ ജോസ് | ഇനം extra 7<br>34.43m3 | 272441<br>(@7953.46)<br>(ടെണ്ടർ കുറവ്. 0.51%) | 258585<br>(@7548.96)<br>ടെണ്ടർ കുറവ് 0.51%) | 13856 |
| 5 | ചെമ്പോടം പൊയിൽ - ഏലംതോട്ടം റോഡ് - കുത്താളി -19/17<br>MGR- 30,00,000<br>പ്രവൃത്തി മൂല്യം- 1768390<br>ബിൽ - 9/16-17 dtd 9.9.16<br>എം ബുക്ക് 317/15-16<br>കരാറുകാരൻ- എൻ.പി.കണാരൻ, കായണ്ണ | ഇനം 8 217.91m3 | 1588075<br>(@7953.46)<br>(ടെണ്ടർ കുറവ്. 8.37%) | 1507308<br>(@7548.96)<br>(ടെണ്ടർ കുറവ് – 8.37%) | 80767 |
| 6 | തേരായി കോട്ടക്കുന്ന് കോളനി റോഡ്- അത്തോളി<br>112/17 ; 20,00,000 (SCP)<br>പ്രവൃത്തി മൂല്യം- 1800002<br>ബിൽ നം- 64/16-17 22.11.16Rs- 1800002<br>എം ബുക്ക്- 375/14-15<br>കരാറുകാരൻ- സുഗുണൻ പി | ഇനം 21 16.16m3 | 115676<br>(@7953.46)<br>(ടെണ്ടർ കുറവ്. 9.999%) | 109793<br>(@7548.96)<br>(ടെണ്ടർ കുറവ് – 9.999%) | 5883 |
| 7 | കല്ലാച്ചി ആവോലം റോഡ്- നാദാപുരം<br>341/17 ; 10,00,000 (MGR) | ഇനം 8 57.13m3 | 396311<br>(@7953.46) | 376155<br>(@7548.96) | 20156 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തി മൂല്യം- 817906<br>ബിൽ നം- 108/16-17 27.10.16 Rs- 817906<br>എം ബുക്ക്- 260/15-16<br>കരാറുകാരൻ- വിൽസൺ തോമസ് | | (ടെണ്ടർ കുറവ് – 12.78%) | (ടെണ്ടർ കുറവ് – 12.78%) | |
| 8 | മുക്കടത്തുംവയൽ - തെക്കേതറമ്മൽ കോളനി റോഡ് - ആയഞ്ചേരി<br>32 /17 ; 15,00,000 (MGR)<br>പ്രവൃത്തി മൂല്യം- 1463505<br>ബിൽ നം- 191 /16-17 27.10.16 Rs- 1463505<br>എം ബുക്ക്- 411/14-15<br>കരാറുകാരൻ- ELCCS | ഇനം 11 7.88m3 | 62673<br>(@7953.46) | 59486<br>(@7548.96) | 3187 |
| 9 | ചിറയിൽ പീടിക വിഷ്ണുക്ഷേത്രം - കോവുമ്മൽ കടവ് റോഡ് - 105/17 30,00,000 (MGR)<br>പ്രവൃത്തി മൂല്യം- 2996591<br>ബിൽ നം- /16-17 27.10.16 Rs-<br>എം ബുക്ക്- 142/14-15, 283/15-16<br>കരാറുകാരൻ- ബാബു.കെ | ഇനം 14 68.643m3 | 544857<br>(@7953.46)<br>(ടെണ്ടർ കുറവ് – .20%) | 517147<br>(@7548.96)<br>(ടെണ്ടർ കുറവ് – %) | 27710 |
| 10 | വില്ലേജ് ഓഫിസ് കോറോത്ത് റോഡ് - അഴിയൂർ - 103/17, 20,00,000 (MGR)<br>പ്രവൃത്തി മൂല്യം-1690577<br>ബിൽ നം- 131/16-17<br>എം ബുക്ക്-271 /15-16<br>കരാറുകാരൻ- ശ്രീ.ബാബു.കെ | ഇനം 7 84.75m3 | 672708<br>(@7953.46)<br>(ടെണ്ടർ കുറവ് – 0.20%) | 638494<br>(@7548.96)<br>(ടെണ്ടർ കുറവ് – 0.20%) | 34214 |
| | ആകെ | | | | 216058 |

സിമന്റ് കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/25.11.17)മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 216058 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ

ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് - 266/17, ജി.എച്ച്. എസ്. കുറ്റിക്കാട്ടൂർ ഇലക്ട്രിഫിക്കേഷൻ

അടങ്കൽ - 12,00,000

കരാറുകാരൻ - പി. മുരളീധരൻ, പി ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ കോൺട്രാക്ടർ,

നിസരി സൗണ്ട്സ് ആന്റ് ഇലക്ട്രിക്കൽസ്, 7.9% കുറഞ്ഞ നിരക്ക്

അളവ് പുസ്തകം - 410/15-16

എഗ്രീഡ് പി.എ.സി - 1100041

ജി.എച്ച്. എസ്. കുറ്റിക്കാട്ടൂർ ഇലക്ട്രിഫിക്കേഷൻ - എന്ന പ്രവൃത്തിക്കായി ചമച്ച എഗ്രിമെന്റ് ((EE/LSGD/24/15-16/8.1.2016പ്രകാരം ഈ പ്രവൃത്തി 5.5.2016 നുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയിട്ടുള്ളത് 8.1.2016 ൽ ആണ്. അതനുസരിച്ച് 7.4.2016ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ അനുസരിച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത് 5.5.2016 ൽ ആണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല. ആയതിനാൽ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരം കാല താമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. പൂർത്തീകരണത്തിന് വരുത്തിയ കാലതാമസം 28 ദിവസം, അതായത് 4 ആഴ്ച. 0.01% നിരക്കിൽ ഈടാക്കേണ്ടതുക, 0.01x 4x 1100041 = 4400രൂപ .ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആകെ മൂല്യം - 1056843.

ബിൽ നമ്പർ 4/16-17/ 28.9.16 - 1056843

## 3-11 തറമലങ്ങാടി പിലാച്ചിതാഴെ - തലപ്പൊയിൽ താഴെ റോഡ്- നട്ടുവണ്ണൂർ അപാകതകൾ

പ്രോജക്ട് നമ്പർ - 448/17

അടങ്കൽ - 20,00,000

കരാറുകാരൻ - ശ്രീ. എം.പി.ബാലൻ, 5.1% കുറഞ്ഞ നിരക്ക്

അളവ് പുസ്തകം - 165/15-16

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം പുറം 10 പ്രകാരം സെക്ഷനിംഗ് അപ്റ്റു 150 mm ആന്റ് ഫോർമിംഗ് ദി സർഫസ് ഓഫ് ഓൾഡ് റോഡ് എന്നയിനം 780.80m2 ചെയ്തിട്ടുണ്ട്.

ആയതിന് പുറം 61 പ്രകാരം $26.39/m^2$ നിരക്കിൽ 20605.31 രൂപ നൽകിയിട്ടുണ്ട്. ഡി.എസ്.ആർ ഇനം 2.28.1പ്രകാരം ഈയിനത്തിന് അനുവദനീയമായ നിരക്ക് ($1245.75/100m^2$ + cost index 1.381) , $1718.445/100m^2$ആണ്. അതായത് $17.18/m^2$. ഇപ്രകാരം $780.80m^2$ന് അനുവദിക്കാവുന്ന തുക $780.80m^2$x $17.18/m^2$ = 13414രൂപയാണ്. ഇതിന് വിരുദ്ധമായി 7191 രൂപ അധികം നൽകിയതായി കാണുന്നു.

കൂടാതെ 14-ാം ഇനമായി ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനായി 40 mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് 10 സെ.മീ. കനത്തിൽ $34.94m^3$ ചെയ്തിട്ടുണ്ട്. ആയതിന് പുറമേ 15-ം ഇനമായി 20mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് 7.5 സെ.മീ. കനത്തിൽ $26.21m^3$ ചെയ്തിട്ടുണ്ട്. ആയതിന് $7953.48/m^3$ നിരക്കിൽ 208460 രൂപ നൽകിയിട്ടുണ്ട്. 1:4:8 അനുപാതത്തിൽ 10 സെ.മീറ്റർ കനത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്ത ഐറിഷ് ഡ്രെയിൻ ബെഡ്ഡിന് മീതെ വിയറിംഗ് കോട്ടായി മാത്രം ഉപയോഗിക്കുന്ന 15-ം ഇനം 5സെ.മീ. കനത്തിൽ മാത്രം ചെയ്താൽ മതിയാകുമായിരുന്നു. കൂടാതെ ഈയിനത്തിന് ഡി.എസ്.ആർ 2014 കോഡ് 4.1.3, കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പെടെ അനുവദിക്കാവുന്ന നിരക്ക് (5466.30 x 1.381), 7548.96/m3 ആണെന്നിരിക്കെ ഈയിനത്തിന് 7953.46/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയതു മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് പ്രകാരം 349.46 ചതുരശ്ര മീറ്റർ 0.05 മീ. കനത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് അനുവദനീയമായ അളവ് $17.47m^3$. ഇത് പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന തുക (17.47 x $7548.96/m^3$), 131880 രൂപയാണ്. എന്നാൽ അനുവദിച്ച തുക 208460 രൂപ. അധികം നൽകിയ 76580 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ26) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 83771 രൂപയിൽ ടെണ്ടർ ഡിഡക്ഷൻ 5.1% കുറവ് ചെയ്ത് (83771-4272), 79499 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം - 1878893

ബിൽ നമ്പർ 459/15-16/ 31.3.16 – 1421695

ബിൽ നമ്പർ 29/16-17/7.11.16 - 457198

## 3-12 <u>അധിക വീതിയിൽ സബ് ഗ്രേഡ് നിർമ്മിച്ചത് മൂലം അധിക ചെലവ്.</u>

പ്രോജക്ട് - 237/17, അടങ്കൽ - 20,00,000

കരാറുകാരൻ -ശ്രീ. ഡൊമിനിക് ഡൊമിനിക്ക് 0.3% കുറഞ്ഞ നിരക്ക്

അളവ് പുസ്തകം - 151/15-16

മുച്ചക്കയം പനിയേരി റോഡ്, വാണിമേൽ ഗ്രാമ പഞ്ചായത്ത് എന്ന പ്രവർത്തിയുടെ എക്സ്ട്രാ ഇനം ഒന്നായി അളവ് പുസ്തകം പുറം 4 പ്രകാരം പ്രിപ്പറേഷൻ ആന്റ് കൺസോളിഡേഷൻ ഓഫ് സബ് ഗ്രേഡ്- 575 x 5.90 = $3392.50m^2$ ചെയ്തിട്ടുണ്ട്. ആയതിന് പുറം 36 പ്രകാരം 79.70/m2

നിരക്കിൽ 246193.30 രൂപ നൽകിയിട്ടുണ്ട്. എന്നാൽ അഞ്ചാമിനമായി ലേയിംഗ് സ്പ്രെഡിംഗ് സ്റ്റോൺ അഗ്രഗേറ്റ് 63mm – 45mm എന്നയിനം 572 x 3.20 അളവിൽ ചെയ്തിട്ടുണ്ട്. അതായത് റോഡിന്റെ വീതി 3.20 മീറ്ററാണെന്നത് വ്യക്തമാണ്. ഇതിനോടുകൂടി ഇരുവശത്തും 1 മീറ്റർ വീതം ബേം പോർഷൻ കൂടി കണക്കാക്കിയാൽ ഒന്നാമിനം 5.2 മീറ്റർ വീതിയിൽ മാത്രം ചെയ്താൽ മതിയാകും ഈയിനം 572 x 5.40 =3089 $m^2$അളവിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എക്സ്ട്രായിനം 2 ആയി ബേം ഫില്ലിംഗ് റോഡിന്റെ ഇരുവശവും 0.80 മീറ്റർ വീതിയിൽ മാത്രമാണ് ചെയ്തിട്ടുള്ളത്. അതായത് റോഡിന്റെ ആകെ വീതി 4.80 , ( 3.2 + 1.6) മീറ്റർ മാത്രമാണ്. ആയതിനാൽ എക്സ്ട്രായിനം ഒന്നിന് അനുവദിക്കാവുന്ന അളവ് 572 x 4.80 = 2745.60$m^2$ മാത്രമാണ്. ഇത് പ്രകാരം എക്സ്ട്രായിനം ഒന്നിന് 79.70/$m^2$ നിരക്കിൽ അനുവദിക്കാവുന്ന തുക 218824 രൂപയാണ്. ഇതിന് വിരുദ്ധമായി 246193 രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ തുക 27369 രൂപയിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 0.3% കുറവ് ചെയ്ത് (27369-82), 27287 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28) മറുപടി ലഭ്യമാക്കിയില്ല.

ആകെ മൂല്യം - 1978984

ബിൽ നമ്പർ - 18/16-17/ 20.10.16 - 1978984

## 3-13 ടാർ വീപ്പയുടെ വില ഈടാക്കിയില്ല- നഷ്ടം

പ്രോജക്ട് - 111/17, അടങ്കൽ - 15,00,000

കരാറുകാരൻ -ശ്രീ. അബ്ദുൾ ലത്തീഫ് .പി.എം 2% കുറഞ്ഞ നിരക്ക്

അളവ് പുസ്തകം - 381/15-16

അരണം കുഴി തീയത്ത് താഴം റോഡ്, എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഇനം 8,9,10 എന്നിവ പ്രകാരം 1290$m^2$ ടാർ ചെയ്തിട്ടുണ്ട്. ആയതിന് 4089.50kg ടാർ വിനിയോഗിച്ചിട്ടുണ്ട്. അതായത് 25 ബാരൽ ടാർ വിനിയോഗിച്ചിട്ടുണ്ട്. ഡി.എസ്.ആർ പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ എംപ്റ്റി ബാരലിന് 250 രൂപ നിരക്കിൽ 25 x 250 = 6250 രൂപ ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം കുറവ് ചെയ്യാതിരുന്നത് മൂലം നഷ്ടമായ 6250 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ29) മറുപടി ലഭ്യമാക്കിയില്ല.

ആകെ മൂല്യം - 1456774

ബിൽ നമ്പർ - 20/16-17/ 20.10.16 - 1456774

## 3-14 നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

പ്രോജക്ട് -251/17,

അടങ്കൽ - 25,00,000

കരാറുകാരൻ -ശ്രീ. എം.പി.ബാലൻ, 4.26% കുറഞ്ഞ നിരക്ക്

എഗ്രീഡ് പി. എ.സി - 2242348

വളയം ഹൈസ്കൂൾ മേൽക്കൂര അറ്റകുറ്റപ്പണി എന്ന പ്രവർത്തിയുടെ എഗ്രിമെന്റ് പ്രകാരം ( EE/LSGD/314/15-16/15.2.16) പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതനുസരിച്ച് ടി പ്രവർത്തി 14.8.2016 ൽ പൂർത്തീകരക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് 09.11.2016 ൽ ആണ്. ഫയൽ പരിശോധിച്ചതിൽ പൂർത്തീകരണ കാലാവധി ഫൈനോടുകൂടി 10.11.16 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. അതായത് 50% ദീർഘിപ്പിച്ചു നൽകി. പുതുക്കിയ പി ഡബ്ള്യൂ.ഡി മാന്വൽ സെക്ഷൻ 2112-1 അനുസരിച്ച് പൂർത്തീകരണ കാലാവധി 50% ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 3% ഫൈൻ ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് 67270 രൂപ (2242348 x3%) ഫൈൻ ഈടാക്കേണ്ടതായിരുന്നു. ഈടാക്കിയ തുക 23196. ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന 44074രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ30) മറുപടി ലഭ്യമാക്കിയില്ല. ഈ പ്രവർത്തിയുടെ ഫൈനൽ ബിൽ ( ബിൽ നമ്പർ 53/17-18/ 20.7.17) പ്രകാരം 2017-18 സാമ്പത്തിക വർഷമാണ് നൽകിയിട്ടുള്ളതെന്നതിനാൽ ഈ ഖണ്ഡിക 2017-18 ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

ആകെ മൂല്യം - 2196209

## 3-15 തിരുവള്ളൂർ ഹൈസ്കൂൾ റോഡ്- അപാകതകൾ

പ്രോജക്ട് -251/17, അടങ്കൽ - 10,00,000

കരാറുകാരൻ – യു.എൽ.സി.സി.സി.എസ്

എഗ്രീഡ് പി. എ.സി - 979809, അളവ് പുസ്തകം - 406/14-15

തിരുവള്ളൂർ ഹൈസ്കൂൾ റോഡ്-എന്ന പ്രവർത്തിയുടെ അളവ് പുസ്തകം പുറം 8 പ്രകാരം ആറാമിനമായി പ്രൊവൈഡിംഗ് ആന്റ് അപ്ലൈയിംഗ് ടാക്ക് കോട്ട് ഓവർ ഡബ്ള്യ. ബി.എം. 936.51m$^2$ ചെയ്തിട്ടുണ്ട്. കൂടാതെ ഏഴാമിനമായി പ്രൊവൈഡിംഗ് ആന്റ് അപ്ലൈയിംഗ് ടാക്ക് കോട്ട് ഓവർ . ബി.ടി സർഫസ് എന്നയിനം എസ്റ്റിമേറ്റ് പ്രകാരം 360m$^2$ ആണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഈയിനം, അളവ് പുസ്തകം പുറം 11 പ്രകാരം 610m$^2$ ചെയ്യുകയും ആയത് എസ്റ്റിമേറ്റ് അളവിന്റെ 25% വർദ്ധനവ് കൂടി അംഗീകരിച്ച് 450m2ൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം 8, 9 ഇനങ്ങളിലായി 2സെ.മീ. ചിപ്പിംഗ് കാർപ്പറ്റ്, സീൽ കോട്ട് എന്നിവ ചെയ്യാവുന്ന അനുവദനീയമായ അളവ് 1386.51m$^2$ , ( 936.51 +450) മാത്രമാണ്. എന്നാൽ അളവ് പുസ്തക പ്രകാരം 2സെ.മീ. ചിപ്പിംഗ് കാർപ്പറ്റ് 1546.51m$^2$ ചെയ്തതായി കാണിച്ച് 213.02/m$^2$ നിരക്കിലും സീൽ കോട്ട് 1546.51m$^2$ ചെയ്തതായി കാണിച്ച് 123.53/m$^2$ നിരക്കിലും മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 8, 9 ഇനങ്ങൾ 7-ം ഇനത്തിന്റെ അളവിൽ പരിമിതപ്പെടുത്താതിരുന്നതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അനുവദനീയമായ അളവ് | അനുവദിച്ച അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2സെ.മീ. ചിപ്പിംഗ് കാർപ്പറ്റ് | 1386.51$m^2$ | 1546.51$m^2$ | @ 213.02/$m^2$ 329438 | 295354 | 34084 |
| സീൽ കോട്ട് | 1386.51$m^2$ | 1546.51$m^2$ | @ 123.53/$m^2$ 191040 | 171276 | 19764 |
| ആകെ | | | | | 53848 |

കൂടാതെ ഈ പ്രവർത്തിയുടെ 13-ം ഇനമായി ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനായി 1:2:4 അനുപാതത്തിൽ 20mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റ് 5.8m3 ചെയ്തിട്ടുണ്ട്. ആയതിന് അളവ് പുസ്തകം പുറം 53 പ്രകാരം 7953.46/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ 2014 കോഡ് 4.1.3 പ്രകാരം കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പെടെ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 7548.96/m3 , ( 5466.30 x 1.381) ആണ്. ഈയിനത്തിന് അനുവദിക്കാവുന്ന തുക 43784 രൂപയാണ്. ഇതിന് വിരുദ്ധമായി 46130 രൂപ അനുവദിച്ചതായി കാണുന്നു. അധികം നൽകിയ 2346 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 31) മറുപടി ലഭ്യമാക്കിയില്ല.

ആകെ മൂല്യം - 936490

ബിൽ നമ്പർ - 42/16-17/7.11.16

## 3-16 പുത്തലത്ത് കണ്ടി മീത്തൽ റോഡ് - അത്തോളി ഗ്രാമ പഞ്ചായത്ത് - അപാകതകൾ

പ്രോജക്ട് -56/17, അടങ്കൽ - 10,00,000

കരാറുകാരൻ - ശ്രീ. എ. മുഹമ്മദ് അഷറഫ് , 10.799%കുറഞ്ഞ നിരക്ക്

എഗ്രീഡ് പി. എ.സി - 886496

അളവ് പുസ്തകം - 144/16-17

പുത്തലത്ത് കണ്ടി മീത്തൽ റോഡ് - അത്തോളി ഗ്രാമ പഞ്ചായത്ത് - എന്ന പ്രവർത്തിയുടെ പന്ത്രണ്ടാമിനമായി ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനായി 1:2:4 അനുപാതത്തിൽ 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റ് 37.75 m2 ചെയ്തിട്ടുണ്ട്. ആയതിന് അളവ് പുസ്തകം പുറം 30 പ്രകാരം 7953.46/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തി 300243രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ 2014 കോഡ് 4.1.4 പ്രകാരം കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പെടെ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 7367.98/$^{m3}$ ( 5335.25 x 1.381) ആണ്. ഈയിനത്തിന് അനുവദിക്കാവുന്ന തുക 278141 രൂപയാണ് ഇതിന് വിരുദ്ധമായി

300243 രൂപ അനുവദിച്ചതായി കാണുന്നു. അധികം നൽകിയ 22102രൂപയിൽ ടെണ്ടർ ഡിഡക്ഷൻ 10.799% കുറവ് ചെയ്ത് , (22102-2387), 19715 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ32) മറുപടി ലഭ്യമാക്കിയില്ല.

ആകെ മൂല്യം - 899418

ബിൽ നമ്പർ - 101/16-17/18.1.17 - 899418

## 3-17 ബി.എൽ.സി ചെയ്ത പ്രതലത്തിനു മുകളിൽ അതേ ദിവസം തന്നെ ടാക്ക് കോട്ടും ചെയ്തു.

| | |
|---|---|
| പ്രോജക്ട് നം, പേര്, അടങ്കൽ | 345/17, പയോണ - കക്കാട് കാക്കവയൽ റോഡ്, 20,00,000/-(സംരക്ഷണ ഗ്രാന്റ്) |
| അളവു പുസ്തകം, ആകെ പ്രവൃത്തിമൂല്യം | 226/16-17, 17,46,000/- |
| ബിൽ നം, തുക | 139/ 08.03.2017, 17,46,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് |
| കരാറുകാരൻ | ഷാജി ജോർജ്ജ് |

മേൽ പ്രോജക്ട് അനുസരിച്ച് പയോണ - കക്കാട് കാക്കവയൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഇനം 4 പ്രകാരം 13.12.2016 ന് 120 മീറ്റർ നീളത്തിൽ 35.60 ഘന മീറ്ററിൽ ബിറ്റുമെൻ ലെവൽ കോഴ്സ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രതലത്തിനു മുകളിലായി അതേ ദിവസം തന്നെ 378 ചതുരശ്ര മീറ്ററിൽ ടാക്ക് കോട്ടും ചെയ്തു. ബിറ്റുമെൻ ലവൽ കോഴ്സ് ചെയ്ത പ്രതലത്തിൽ അതേ ദിവസം ചിപ്പിംഗ് കാർപെറ്റ് ചെയ്യുന്നതിന് മുൻപായി ടാക്ക് കോട്ട് ചെയ്യേണ്ടതില്ല. ചതുരശ്ര മീറ്ററിന് 45.81 രൂപ നിരക്കിൽ അനുവദിച്ച 17316 (45.81 x 378) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-18 കുഴിച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചില്ല

പ്രോജക്ട് – ചമ്പോളിമുക്ക് വലിയങ്ങാടി പീടിക റോഡ് ഏറാമല

അടങ്കൽ – 30 ലക്ഷം സംരക്ഷണ ഗ്രാന്റ് റോഡ്

നിർവ്വഹണം – എക്സിക്യൂട്ടിവ് എഞ്ചിനീയർ

സാങ്കേതികാനുമതി - EE/LSGD/TS-121/15-16

എംബുക്ക് - 140/14-15

ചെലവ് - 357399/- ബിൽ നം.

പൊട്ടിപ്പൊളിഞ്ഞ റോഡ് കുഴികളടച്ച് റീടാർ ചെയ്യുന്നതിനും വെള്ളം കെട്ടി നിൽക്കുന്ന ഭാഗത്ത് റോഡ് ഉയർത്തി ടാർ ചെയ്യുന്നതിനും ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

റോഡ് നിരപ്പിൽ നിന്നും താഴ്ത്തി ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനായി 188 മീറ്ററോളം ദൂരം റോഡിനിരുവശവും 185.14 $M^3$ മണ്ണ് കിളച്ചു മാറ്റിയിട്ടുണ്ട്. ആയതിനായി താഴെ പറയുന്ന

രീതിയിൽ തുക നല്കി.

185.14 $M^3$ X 69.657 = 12896.80

ഇതേ പ്രവൃത്തിയിൽ തന്നെ റോഡ് ഉയർത്തുന്നതിനായി 314.65 m3 മണ്ണ് ഫില്ല് ചെയ്യതിനായി 247397.90 രൂപ നൽകി. (314.65$m^3$ x 437.64) . ഇത്തരത്തിൽ മണ്ണ് ഫിൽ ചെയ്യുമ്പോൾ കുഴിച്ചെടുത്ത 185.14$m^3$ മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിനാൽ കരാറുകാരന് 81024.66 രൂപ അധികം നൽകി. (185.14 x 437.64)

മേൽ അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്

## 3-19 കരാർ വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾ കരാറുകാരനെ തെരഞ്ഞെടുത്ത് അയക്കുന്ന കത്തിൽ 14 ദിവസത്തിനകം കരാർ വച്ച് പ്രവൃത്തി ആരംഭിക്കണമെന്നും നിശ്ചിത തിയ്യതിക്കുള്ളിൽ കരാർ വയ്ക്കാത്ത പക്ഷം 1% പിഴ അടവാക്കി മാത്രമേ കരാർ വയ്ക്കാൻ സാധിക്കു എന്നും പറയുന്നുണ്ട്. എന്നാൽ സമയ പരിധി കഴിഞ്ഞും ഫൈൻ ഈടാക്കാതെയും/കുറഞ്ഞ തുക മാത്രം ഫൈൻ ഈടാക്കിയും സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസി1% ഫൈൻ തുക |
|---|---|---|---|---|
| 1. | ഞെള്ളോറപ്പള്ളി വിലങ്ങാട് റോഡ് കുറ്റ്യാടി 309/17<br>അടങ്കൽ 20 ലക്ഷം<br>ചെലവ് 1799818/- 50/16-17 16.11.16 | 23.11.15 | EE/LSGD /178/15-16 8.12.15<br>അബ്ദുറഹിമാൻ.കെ 5.60% below | 1887383.46 x 1%<br>=18874.00 |
| 2.. | കൂടരഞ്ഞി പഞ്ചായത്ത് ഓഫീസ് റോഡ് 727/17<br>അടങ്കൽ 20 ലക്ഷം | 29.11.16 | EE/LSGD/22/16-17 14.12.16<br>മൂസ.കെ 15.82% below | 1993601 x 1% 19936 – 1994 (ഈടാക്കിയ പിഴ) = 17942 |

| | | | | |
|---|---|---|---|---|
| | ചെലവ് 1678182/- 214/16-17 31.3.17 | | | |
| | | | | 36816.00 |

പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകിയിട്ടില്ല. 36816/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-20 പുനരുപയോഗം ചെയ്യാത്ത ഇനത്തിന് അധിക നിരക്ക് നല്കി

പ്രോജക്ട് – 330/17 പുതിയോത്ത് താഴെ ഹെൽത്ത് സെന്റർ പയ്യേടത്ത് താഴെ റോഡ്

അടങ്കൽ - 15 ലക്ഷം സംരക്ഷണ ഗ്രാന്റ് റോഡ്

നിർവ്വഹണം – എക്സിക്യൂട്ടീവ് എഞ്ചിനീയർ

സാങ്കേതികാനുമതി - EE/LSGD/TS -244/15-16 14.9.15 15

ചെലവ് - 1422364/- ബിൽ നം. 225/16-17 31.3.17

എംബുക്ക് – 287/15-16, 134/14-15

മേൽ റോഡിലെ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാൽ പൊളിഞ്ഞ പയ്യേരിഭാഗത്തെ 174 മീറ്ററോളം ഭാഗം പൊളിച്ചു മാറ്റി മെറ്റലിങ്ങും ടാറിങ്ങും നടത്തി ബാക്കി ഭാഗം റീടാർ ചെയ്യാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

മേൽ പ്രവൃത്തിയിലെ ഒന്നാമത്തെ ഇനം പഴയ റോഡ് 174 മീറ്റർ ദൂരത്തിലും 3.50 മീറ്റർ വീതിയിലും പൊളിച്ചു നീക്കുക എന്നതായിരുന്നു. ആയതിനായി ഡിഎസ്ആർ കോഡ് 15.43.2 പ്രകാരമാണ് നിരക്ക് നൽകിയത്. ചതുരശ്ര മീറ്ററിന് 219.65 രൂപ പ്രകാരം 609 ചതുരശ്ര മീറ്ററിന് 133766.85 രൂപ നൽകിയിട്ടുണ്ട്. മേൽ ഇനം പ്രകാരം പ്രവൃത്തി ചെയ്യുമ്പോൾ പൊളിച്ചു നീക്കുന്ന സാധനങ്ങൾ തുടർ പ്രവൃത്തികളിൽ പുനരുപയോഗം നടത്തേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ 609 ചതുരശ്ര മീറ്റർ റോഡ് പൊളിച്ചു മാറ്റിയെങ്കിലും തുടർ പ്രവൃത്തികളിൽ ഏതെങ്കിലും ഇനത്തിൽ കുറവു വരുത്തിയതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പഴയ റോഡിൽ തുടർ പ്രവൃത്തി നടത്തുമ്പോൾ ഡിഎസ്ആർ കോഡ് 16.77 പ്രകാരമുള്ള സ്കാരിഫൈയിങ്ങ് നടത്തുകയായിരുന്നെങ്കിൽ ചതുരശ്ര മീറ്ററിന് 4.35 രൂപ പ്രകാരം 2649.15 രൂപ മാത്രമേ ചെലവു വരുമായിരുന്നുള്ളൂ.

പുനരുപയോഗം ചെയ്യാനായി സാധനങ്ങൾ വേർതിരിച്ച് അട്ടിയിടാനുള്ള തുക കൂടിയുള്ള നിരക്ക് നല്കിയിട്ടും ആയത് ഉപയോഗപ്പെടുത്താതിരുന്നതും അധിക നിരക്ക് നൽകിയതും (131118/- രൂപ അധികം) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതാണ്.

## 3-21 കൃത്യമായ കണക്കുകളില്ലാതെ കുടിവെള്ള പദ്ധതിക്ക് പണം കൈമാറി

പ്രോജക്ട് -1005/17 കൂരാച്ചുണ്ട് കരിയാത്തൻപാറ എസ് സി കോളനി

പുളിക്കയിൽ കുടി വെള്ള പദ്ധതി

അടങ്കൽ – 10 ലക്ഷം വികസനഫണ്ട്

നിർവ്വഹണം – എക്സികൃൂട്ടീവ് എഞ്ചിനീയർ

ചെലവ് – 10 ലക്ഷം ബിൽ നം. 268/16-17

സംയുക്ത പ്രോജക്ടായി നടപ്പാക്കുന്ന കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ പുളിക്കയിൽ കുടിവെള്ള പദ്ധതിക്ക് തുക കൈമാറുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതി നിർവ്വഹണം നടത്തിയ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം (150/17) ആകെ വകയിരുത്തൽ ഗ്രാമപഞ്ചായത്ത് 1.5 ലക്ഷം, ജില്ലാ പഞ്ചായത്ത് 10 ലക്ഷം എന്നിങ്ങനെയായിരുന്നു. തൻവർഷം വരെ ചെലവ് ഗ്രാമപഞ്ചായത്ത് 1 ലക്ഷം ജില്ലാ പഞ്ചായത്ത് 434346/- രൂപ . തൻവർഷത്തെ വകയിരുത്തൽ ഗ്രാമപഞ്ചായത്ത് 50000 രൂപ ജില്ലാ പഞ്ചായത്ത് 565654/- രൂപ എന്നിങ്ങനെയാണ്.

എന്നാൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 21.12.17 ന് നല്കിയ കത്തിൽ 2016-17 ൽ ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപ അനുവദിച്ചതായും ആയതിൽ 740676/- രൂപ ചെലവഴിച്ച് ബാക്കി 759324/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ചതായും പറയുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിക്കാനുള്ള മോട്ടോർ സ്ഥാപിക്കൽ സപ്ലൈ പൈപ്പ് സ്ഥാപിക്കൽ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 550000 രൂപ ആവശ്യമുണ്ടെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായും പറയുന്നു. ഇതു വരെയുള്ള ബിൽ തുകയും പൂർത്തീകരിക്കാനുള്ള പ്രവൃത്തിയുടെ തുകയുമുൾപ്പെടെ 11 ലക്ഷം രൂപ അനുവദിക്കാൻ അപേക്ഷിച്ചിട്ടുണ്ട്. 29.3.17 ന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ സാക്ഷ്യ പത്രത്തിൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി പറയുന്നു. കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് എന്നിവ പരസ്പര വിരുദ്ധമാണ്. തുകയുടെ കൃത്യത ലഭ്യമാക്കാതെ 10 ലക്ഷം രൂപ അനുവദിച്ചതിനും പൂർത്തീകരിച്ചു എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയ പദ്ധതിക്ക് നൽകിയ തുകയുടെ കൃത്യമായ വിനിയോഗം ലഭ്യമാക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്. കൃത്യമായ വിവരങ്ങളില്ലാത്തതിനാൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 വസ്തുനിഷ്ഠമായ കാരണങ്ങളില്ലാതെ പ്രവൃത്തി കാലാവധി നീട്ടി നല്കി - പിഴ ഈടാക്കിയില്ല

പ്രോജക്ട് - പറമ്പിൽതോട് പതിനൊന്നു കണ്ടി നടുവണ്ണൂർ റോഡ് കോട്ടൂർ 21/17

അടങ്കൽ - 30 ലക്ഷം സംരക്ഷണ ഗ്രാന്റ് റോഡ്

നിർവ്വഹണം - എക്സികൃൂട്ടീവ് എഞ്ചിനീയർ

സാങ്കേതികാനുമതി - EE/LSGD/TS 260/15-16 8.9.15

കരാറുകാരൻ – സുലൈമാൻ.സി

സെലക്ഷൻ നോട്ടീസ് - ഡി4/64/15 21.12.15

കരാർ - EE/LSGD/206/15-16 28.12.15 - 7.26% below

ചെലവ് – 2720704/- 113/16-17 2.3.17

എം ബുക്ക് – 183/15-16

മേൽ പ്രവൃത്തി കരാറെടുത്ത ശ്രീ.സി.സുലൈമാൻ എന്ന കരാറുകാരന് 28.12.15 ന് പ്രവൃത്തി സ്ഥലം കൈമാറി നൽകിയിട്ടുണ്ട്. കരാർ പ്രകാരം 6 മാസമായിരുന്നു പൂർത്തീകരണ കാലാവധി. പ്രവൃത്തി ആരംഭിക്കാത്തതിനാൽ 15.3.16 ന് D4/64/16 നമ്പറായി നല്കിയ കത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ചോദിക്കുകയും നടപടികൾ സ്വീകരിക്കുമെന്ന് മുന്നറിയിപ്പും നല്കിയിരുന്നു. ആയതിന് മറുപടിയായി 19.4.16 ന് ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കിയ കത്തിൽ അടുത്ത ദിവസം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കുമെന്ന് കരാറുകാരൻ അറിയിച്ചു. എന്നാൽ പിന്നീട് 27.4.2016 ന് കരാറുകാരൻ വീണ്ടും നൽകിയ കത്തിൽ 13.2.16 ന് അപകടം പറ്റി 7 മാസത്തോളം വിശ്രമമാവശ്യമായതിനാൽ കാലാവധി 31.12.2016 വരെ നീട്ടിത്തരണമെന്ന് അപേക്ഷിച്ചു. മേൽ കത്തും കരാറുകാരൻ ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റും പരിഗണിച്ച് കാലാവധി നീട്ടി നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിച്ചു. ഇത് സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ഫയലിനോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ (കാഞ്ഞങ്ങാടുള്ള സഞ്ജീവനി ഹോസ്പിറ്റലിലെ ഡോ.എം ആർ നമ്പ്യാർ നല്കിയത്) സുലൈമാൻ പാലക്കൽ എന്നയാൾക്ക് അപകടത്തിൽ റിസ്ററിന് പൊട്ടലുണ്ടായെന്നും 13.2.16 മുതൽ 20.4.16 വരെ 2 മാസം വിശ്രമം ആവശ്യമാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 7 മാസത്തെ വിശ്രമം ആവശ്യമാണെന്ന് കാണിച്ച കരാറുകാരന്റെ അപേക്ഷ ജനുവിനാണെന്ന കോട്ടൂർ അസി.എഞ്ചിനീയറുടെയും ബാലുശ്ശേരി അസി. എക്സി.എഞ്ചിനീയറുടെയും ശുപാർശ പരിഗണിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിച്ചു നല്കുകയും 25.6.2016 ന് സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എം ബുക്ക് പ്രകാരം 2.4.16, 7.4.16,11.4.16,20.4.16, 2.5.16,6.5.16, 20.5.16,30.5.16,17.6.16, 24.6.16, 14.7.16, 4.8.16, 11.8.16, 22.8.16, 29.8.16, 19.9.16, 4.10.16, 21.10.16, 7.11.16, 7.12.16 15.12.16, 28.12.16, ദിവസങ്ങളിൽ അളവെടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞവയിൽ നിന്നു തന്നെ കരാറുകാരന്റെ അപേക്ഷയിൽ പറയുന്ന കാരണം ജനുവിനല്ല എന്നു കാണാം. ഇത്തരത്തിൽ വസ്തുനിഷ്ഠമല്ലാത്ത കാരണങ്ങൾക്ക് സമയം നീട്ടി നൽകിയതു വഴി ഫൈൻ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായി. വിശദ വിവരം താഴെ പറയുന്നു.

| | | |
|---|---|---|
| ആകെ കാലാവധി 6 മാസത്തിന്റെ 25% ആദ്യ എക്സ്റ്റൻഷൻ 27.6.16 മുതൽ 11.8.16 വരെ 1% | എഗ്രീഡ് പിഎസി 2775056 x 1/100 | 27750 |
| രണ്ടാം എക്സ്റ്റൻഷൻ 12.8.16 മുതൽ 26.10.16 വരെ 2% | 2775056 x 2/100 | 55500 |
| | | 83250 |

പ്രവൃത്തി അവസാനിച്ചത് 26.12.16നാണ്. 26.10.16നു ശേഷം കരാർ അവസാനിപ്പിച്ച് മേൽ നടപടികളെടുക്കാതെ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 83250 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-23** സർക്കാർ സ്കൂളുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ **-2942214** രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പ്രോജക്ട് നമ്പർ, പേര് – S0630/17 സർക്കാർ സ്കൂളുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ – വികസന ഫണ്ട് 3530000

തനത് ഫണ്ട് – 40000

ചെലവ് ബിൽ നമ്പർ – 4/16-17 2942214 തീയതി 22/3/17

മേൽ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ജി.എച്ച്.എസ്.എസ്ബാലുശ്ശേരി , ജി.എച്ച്.എസ്.എസ് അത്തോളി, ജി. എച്ച്. എസ്. എസ് പൂനൂർ, ജി. എച്ച്. എസ്. എസ്. ചോറോട് എന്നിവിടങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുകയാണ് പദ്ധതി വിഭാവനം ചെയ്തത്. 2015-16 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത പദ്ധതി 2016-17 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കുകയാണ് ചെയ്തത് . മേൽ പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കൽ ഉൾപ്പെടെ പദ്ധതിയുടെ ആദ്യഘട്ടങ്ങൾ 2015-16 വർഷം നടന്നെങ്കിലും പദ്ധതിയുടെ ഭാഗമായി തുക ചെലവഴിച്ചത് 2016-17 വർഷത്തിലാണ് .

മേൽ പദ്ധതിയിൽ സോളാർലൈറ് റ്സ്ഥാപിക്കാനായി ടെണ്ടർ ക്ഷണിച്ച് കെൽട്രോൺ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ജില്ലാപഞ്ചായത്ത് പർച്ചേസിംഗ് കമ്മിറ്റി 28-1-16 തീയതിയിൽ അംഗീകരിക്കുകയും അതനുസരിച്ച് ജില്ലാ വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 17-2-16 തീയതിയിൽ കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു വർക്ക്ഓർഡർ പ്രകാരം 2016 മാർച്ച് പതിനഞ്ചിനുള്ളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ മൊത്തം തുകയുടെ5ശതമാനം ഡി. ഡി. ഇ. യുടെ പേരിൽ സെക്യൂരിറ്റി സെപ്പോസിറ്റ് വയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സെക്യൂരിറ്റ് സെപ്പോസിറ്റ് വയ്ക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഹാജരാക്കാനും നിർദ്ദേശിച്ചു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ടെണ്ടർ ക്ഷണിച്ച്, കെൽട്രോണിന്റെ ടെണ്ടർ പർച്ചേസിംഗ് കമ്മിറ്റി അംഗീകരിക്കുകയാണ് ചെയ്തത് എങ്കിലും ടെണ്ടർക്ഷണിച്ചതിന്റെ രേഖകൾ , ലഭ്യമായ ടെണ്ടറുകൾ എന്നിവ

പരിശോധനക്ക് ലഭ്യമാക്കിട്ടില്ല.

2. ടെണ്ടർ അംഗീകരിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിൽ കെൽട്രോണിന്റെ 992100 രൂപയുടെയും കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 975000രൂപയുടേയും ടെണ്ടറുകൾ ലഭ്യമായെന്നും ആയതിൽ കെൽട്രോണിന്റെ ടെണ്ടറിന്റെ കൂടെ കെൽട്രോൺ അവരുടെ പരിചയസമ്പത്ത് കാണിക്കുന്ന സോളാർ ലൈറ്റ് സ്ഥാപിച്ച 78 ഓളം സ്ഥാപനങ്ങളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും അവരുടെ ടേംസ് & കണ്ടീഷൻസ് കൂടുതൽ സ്വീകാര്യമായതിനാൽ കെൽട്രോണിന്റെ പ്രൊപ്പോസൽ അംഗീകരിച്ചു എന്നും വ്യക്തമാക്കിയിട്ടുണ്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നസ്ഥാപനം പ്രീവിയസ് എക്സ്പീരിയൻസ് സംബന്ധിച്ച രേഖകൾ സമർപ്പിച്ചിട്ടില്ല എന്നും പർച്ചേസിംഗ് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഇത് സംബന്ധിച്ച കൃത്യത ബന്ധപ്പെട്ടരേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. സോളാർ ലൈറ്റ് സ്ഥാപിക്കലിന്റെ ടെണ്ടർ നടപടി സംബന്ധിച്ച് 26/3/16 തീയതിയിൽ ശ്രീ ജോബിഷ് ജോയ് എന്നിവർ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്ക് ഡി. ഡി. ഇ ഓഫീസിൽ ഒരു ക്വട്ടേഷൻ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ ടെണ്ടർ ക്ഷണിക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

4. കെൽട്രോൺ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും സെക്യൂരിറ്റിഡിപ്പോസിറ്റ് വെച്ചത് സംബന്ധിച്ച രേഖകളോ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച സർക്കാർ ഉത്തരവോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. കെൽട്രോണിന് ഫൈനൽ ബിൽപ്രകാരമുള്ളതുക നൽകുമ്പോൾ സോളാർപ്ലാന്റ് സ്ഥാപിച്ച് ആയതിന്റെ ഡെലിവറി ചെലാൻ സ്റ്റോക്ക്എൻട്രി സർട്ടിഫിക്കറ്റ് എന്നിവകൂടി ബില്ലിന്റെ കൂടെ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ബില്ലിനൊപ്പം ഹാജരാക്കിയിട്ടില്ല.

6. വർക്ക്ഓർഡർപ്രകാരം 2016മാർച്ച 15 നകം സോളാർലൈറ്റ്സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം സോളാർലൈറ്റ്

സ്ഥാപിച്ചതിന്റെ തുക നൽകിയ ജി.എച്ച്.എസ്.എസ് ബാലുശ്ശേരി, ജി.എച്ച്. എസ്. എസ്. പൂനൂർ, ജി. എച്ച്. എസ്. എസ്. ചോറോട് എന്നിവിടങ്ങളിൽ 2016 ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് സോളാർ ലൈറ്റ് പ്രവർത്തനക്ഷമമായത്. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തീയതിക്ക് ശേഷം വർക്ക് പൂർത്തിയാക്കിയതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല അപാകങ്ങൾ സംബന്ധിച്ച തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2942214/-ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 3-24 ടെണ്ടർ നോട്ടിഫിക്കേഷൻ ചെലവ് പദ്ധതിചെലവിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ല സാമൂഹ്യ നീതി ഓഫീസർ

പ്രോജക്ട് നമ്പർ ,പേര് - S0899/17 ,ആശ്രയ വൃദ്ധർക്ക് സംരക്ഷണ ഭവനം ചെങ്ങോട്ടുകാവ് അടിസ്ഥാനസൗകര്യ വികസനം

അടങ്കൽ -വികസന ഫണ്ട് 1000000

ചെലവ് -ബിൽ നമ്പർ 4/16-17 380526 തീയതി 28-3-17

മേൽ പ്രോജക്ട് പ്രകാരം ആശ്രയ വൃദ്ധർക്ക് സംരക്ഷണ ഭവനം -ചെങ്ങോട്ട്കാവ് അടിസ്ഥാന സൗകര്യ വികസനം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി സംരക്ഷണ ഭവനത്തിലേക്കാവശ്യമായ വിവിധ സാധനങ്ങൽ ടെണ്ടർ ക്ഷണിച്ച് വാങ്ങി. ആയതിന്റെ ടെണ്ടർ ക്ഷണിക്കുന്നതിന് പത്രപരസ്യം നൽകിയതിന്റെ ചെലവായ 11760 രൂപ പദ്ധതിചെലവിന്റെ ഭാഗമായി മലയാളമനോരമ ദിനപത്രത്തിന് നൽകി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും മാർഗ്ഗരേഖ ഭാഗം 6 ഖണ്ഡിക 20ൽ പദ്ധതി ആസൂത്രണ മോണിററിംഗ് ചെലവുകൾക്കായി ഇതേപേരിൽ ഒരു പ്രോജക്ട് വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവുകൾക്കായി മറ്റ് പ്രോജക്ടുകളിൽ തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്

ജില്ലാപദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവുകൾക്കായി പ്രോജക്ട് നിലവിലുള്ളപ്പോൾ

മേൽ പദ്ധതിയിൽ നിന്നും ഇതിനായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല

## 3-25 കേരളോത്സവം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നമ്പർ ,പേര് – SO901/17 കേരളോത്സവം 2016-17

അടങ്കൽ – തനത് ഫണ്ട് 200000

ചെലവ് – 200000

മേൽ പ്രോജക്ട് പ്രകാരം കേരളോത്സവം 2016-17 നടത്തിപ്പിലേക്കായി പഞ്ചായത്ത് വിഹിതമായി രണ്ടുലക്ഷം രൂപയും യുവജന ക്ഷേമബോർഡ് വിഹിതം 200000 രൂപയും മുൻബാക്കി 17589 രൂപയും ഉൾപ്പെടെ 417589 രൂപ പദ്ധതി നടത്തിപ്പിനായി നീക്കിവെച്ചു. എന്നാൽ കേരളോത്സവം നടത്തിപ്പ് സമയത്ത് 683541 രൂപ ചെലവഴിച്ചതിനാൽ 265952 രൂപയുടെ അധികച്ചെലവ് വന്നു .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21/11/2016 തീയതിയിലെ സർക്കാർ ഉത്തരവ് ( സാധാ ) നമ്പർ 3156/2016 തസ്വഭവ ഉത്തരവ് പ്രകാരം കേരളോത്സവത്തിന്റെ സംഘാടനത്തിനായി ജില്ലാ പഞ്ചായത്തിന് പരമാവധി 200000 രൂപ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ വിനിയോഗിക്കാം എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട് ആയത് പ്രകാരം പ്രോജക്ടിൽ രണ്ട് ലക്ഷം രൂപ കേരളോത്സവത്തിനായി നീക്കി വെച്ചിട്ടുണ്ട്.

നോട്ട് പ്രതിസന്ധികാരണം പ്രതീക്ഷിച്ച പോലെ സംഭാവനകൾ സമാഹരിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കേരളോത്സവം നടത്തിപ്പിനായി സംഘാടക സമിതിക്ക് അധികമായി ചെലവഴിച്ച 265952 രൂപ ടെണ്ടർ ഫോറം വിറ്റ തുകയിൽ നിന്നും അനുവദിക്കുന്നതിനായി സർക്കാർ അനുമതി വാങ്ങുന്നതിന് 27/2/17 തീയതിയിലെ ഭരണസമിതിയുടെ 19/17 (a) നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചു. എന്നാൽ നാളിതുവരെ ഇതുസംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമായിട്ടില്ല .

പ്രസ്തുത സാഹചര്യത്തിൽ അധികം ചെലവഴിച്ചതുക സംബന്ധിച്ച് അനുമതി ഉത്തരവ്

ലഭ്യമാക്കേണ്ടതാണ്

## 3-26 കാഴ്ചയില്ലാത്ത വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനവും സ്മാർട്ട് ഫോൺ വിതരണവും പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ- ചെലവ് തുക തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ല സാമൂഹ്യ നീതി ഓഫീസർ

പ്രോജക്ട് നമ്പർ, പേര് – S0807/17 കാഴ്ചയില്ലാത്ത വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനവും

സ്മാർട്ട് ഫോൺ വിതരണവും

അടങ്കൽ – വികസന ഫണ്ട് 500000

ചെലവ് – ബിൽ നമ്പർ 5/16-17 500000 തീയതി 28/3/17

മേൽ പദ്ധതി പ്രകാരം പൂർണ്ണമായും കാഴ്ചയില്ലാത്തതോ ഭാഗീകമായി കാഴ്ചയില്ലാത്തതോ ആയ 12ാംക്ലാസ്സ് മുതൽ പഠിക്കുന്നവർക്കും ജോലിക്ക് വേണ്ടി ശ്രമിക്കുന്ന 50 വയസ്സിൽ താഴെ ഉള്ളവർക്കും പ്രത്യേക സംവിധാനത്തോട് കൂടിയ മൊബൈൽഫോൺ നെറ്റ്ബുക്ക് വിതരണം ആണ് ലക്ഷ്യമിട്ടത്

പദ്ധതി നടത്തിപ്പിൽ സ്മാർട്ട്ഫോൺ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത 3-ജി മൊബൈൽ വേൾഡ് ,കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഫോൺ വാങ്ങി വിതരണം ചെയ്യുകയുമാണ് ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു

1. പ്രോജക്ടിൽ 50 സ്മാർട്ട് ഫോൺ വാങ്ങുന്നു എന്നാണ് രേഖപ്പെടുത്തിയതെങ്കിലും പ്രോജക്ട് നടത്തിപ്പ് സമയത്ത് 69 സ്മാർട്ട് ഫോൺ വാങ്ങുകയും ആയതിൽ 68 എണ്ണം വിതരണം ചെയ്യുകയുമാണ് ചെയ്തത്.
2. 12ാം പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 തീയതി 11-1-2016 ഖണ്ഡിക 9-1 പ്രകാരം കാഴ്ച കുറഞ്ഞവർക്ക് നൽകാൻ വ്യവസ്ഥ ചെയ്ത ഉപകരണങ്ങളിൽ സ്മാർട്ട് ഫോൺ ഉൾപ്പെട്ടിട്ടില്ല. ആയതിൽ ചേർത്തിട്ടുള്ള പ്രത്യേക പഠനസാമഗ്രികൾ എന്ന വിഭാഗത്തിൽ

ഉൾപ്പെടുത്തിയാണ് സ്മാർട്ട് ഫോൺ വിതരണം ചെയ്തതെങ്കിൽ ആയത് കാഴ്ചയില്ലാത്തവർക്ക് ഉപയോഗയോഗ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് . ഉത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. സ്മാർട്ട് ഫോൺ വാങ്ങാൻ വേണ്ടി ക്ഷണിച്ച ടെണ്ടർ നോട്ടിഫിക്കേഷനിലും സ്മാർട്ട ഫോൺ കാഴ്ചയില്ലാത്തവർക്ക് ഉപയോഗിക്കാൻ പറ്റിയ പ്രത്യേക സംവിധാനം സംബന്ധിച്ച് യാതൊരു സ്പെസിഫിക്കേഷനും രേഖപ്പെടുത്തിയിട്ടില്ല
4. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് സബ്സിഡി നൽകണമെങ്കിൽ സർക്കാരിൽനിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ് . ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
5. വിതരണം ചെയ്യാൻ ബാക്കിയുള്ള മൊബൈൽ ഫോൺ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്
6. ഗ്രാമസഭഅംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് സ്മാർട്ട് ഫോൺ നൽകേണ്ടത് എങ്കിലും 68 ഗുണഭോക്താക്കൾക്കും സ്മാർട്ട് ഫോൺ നൽകിയത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ്
7. മേൽ സ്മാർട്ട് ഫോൺ കാഴ്ചയില്ലാത്തവർക്ക് എത്രത്തോളം ഉപയോഗപ്രദമായെന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .
8. മേൽ ബിൽ പ്രകാരം മാറിയ തുക 3-ജി മൊബൈൽ വേൾഡ് കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകുന്നതുവരെ ചെലവ് തുക 500000/- തടസ്സപ്പെടുത്തുന്നു.

## 3-27 <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് തുക തടസ്സം ചെയ്യുന്നു</u>

താഴെ പറയുന്ന പദ്ധതികളിലായി ജില്ല പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ടസ്ഥാപനങ്ങൾക്ക്

നൽകിയിട്ടുണ്ട് . എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ,പേര് , നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ്,ബിൽ നമ്പർ, തുക | തുക നൽകിയത് |
|---|---|---|---|
| 923/17 കുന്നമ്മൽ ബഡ്സ് സ്കൂൾ നിർമ്മാണം ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ ജില്ല സാമൂഹ്യനീതി ഓഫീസർ | വികസന ഫണ്ട് 1000000 | ബിൽ നമ്പർ 2/16-17 1000000 തീയതി 7-3-17 | കുന്നമ്മൽ ഗ്രാമപഞ്ചായത്തിന് |
| 1പ്രൊജക്ട് നമ്പർ ,പേര് SO902/17 ഐ കെ എം വിഹിതം നൽകൽ സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | വികസന ഫണ്ട് 388382 | ബിൽ നമ്പർ 11 /16-17 388382 തീയതി 25/11/16 | ഡയറക്ടർ,ഇൻഫർമേഷൻ കേരളമിഷൻ,തിരുവനന്തപുരം |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 1388382/-തടസ്സം ചെയ്യുന്നു

## 3-28 ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറിയെങ്കിലും കരാർ വച്ചില്ല.

പ്രോജക്റ്റ് നം -എസ്0919/17

അടങ്കൽ - 228000/-

ചെലവ് - 225780/-(ബിൽ നം-ഡിപി25/16-17/28.2.2017)

തിക്കോടിയിൽ പ്രവർത്തിക്കുന്ന മണ്ണ് പരിശോധന ലാബോറട്ടറിയുടെ റീവയറിംഗ് (ഗ്രൗണ്ട് ഫ്ളോർ)ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അക്കൗണ്ട് നം-71601140000198ലേക്ക് 225780/-രൂപ 28.2.2017ന് കൈമാറിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനവുമായി കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. നാളിതുവരെയായും പ്രവൃത്തി ഏതുഘട്ടം വരെയായെന്നോ, സ്ഥാപനത്തിൽ നിന്നുള്ള പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രവും, വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാലും,

അപാകതകൾ നില നിൽക്കുന്നതിനാലും ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-29 2011-12 വർഷം വാങ്ങിയ ട്രൈയിലർ ഉപയോഗിക്കാതെ ഷെഡ്ഡിൽ കിടന്ന് തുരുമ്പെടക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം. | 004/12 |
| പ്രൊജക്ടിന്റെ പേര് | പാഡി മെക്കാനൈസേഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി |
| ബിൽ നം. | 27/11-12 തീയതി 31.03.2012 |
| ചെലവ് | 1,36,950/-(വികസന ഫണ്ട്) |

2011-12 വർഷം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ട് ഉപയോഗിച്ച് "പാഡി മെക്കാനൈസേഷൻ" എന്ന പദ്ധതിയിലുൾപ്പെടുത്തി 1,36,950/-രൂപ ചെലവഴിച്ച റെയ്ഡ്കൊ കോഴിക്കോട് ബ്രാഞ്ചിൽ നിന്ന് 5 Ton Tipping Trailor വാങ്ങുകയുണ്ടായി (ക്യാഷ് ബിൽ നം. 9294/23.03.2012). എന്നാൽ പ്രസ്തുത മെഷീൻ നാളിതുവരെ ഉപയോഗിക്കാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള കസ്റ്റം ഹൈറിംഗ് സെന്ററിൽ സൂക്ഷിച്ചുവെച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം3/16-17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രൈയിലർ വാങ്ങിയിട്ട് 5 വർഷമായിട്ടും ഉപയോഗിക്കാതെ തുരുമ്പെടുക്കുന്നത് സർക്കാർ ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് നിലയിരുത്തുന്നു. തുടർ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-30 മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നം. | 773/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| ബിൽ നം. | 16/16-17 തീയതി 10.03.2017 |
| ചെലവ് | 14,90,000/- |

ജില്ലാ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 16.03.2017ന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെയോ, വിതരണം ചെയ്തതതിന്റെയോ രേഖകൾ ലഭ്യമല്ല. കേരളമെഡിക്കൽസർവ്വീസ് കോർപ്പറേഷനിൽനിന്നും

മരുന്ന് ലഭിക്കാൻകാലതാമസമുണ്ടാകുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. 1490000രൂപ തടസ്സത്തിൽ വയ്ക്കുന്നു

## **3-31** ഒളിയന്മല കോളനി, ചേർമല കോളനി സമഗ്ര വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം.<br>ചെലവ്<br>ബിൽ നം. | 934/17 (ഒളിയന്മല കോളനി)<br>2300000/-<br>2/16-17 തീയതി 22.03.2017 |
| പ്രൊജക്ട് നം.<br>ചെലവ്<br>ബിൽ നം. | 998/17 (ചേർമല കോളനി)<br>3900000/-<br>1/16-17 തീയതി 22.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ ഒളിയന്മല കോളനി സമഗ്ര വികസനം - വീട് നിർമ്മാണം, ചേരമല കോളനി സമഗ്ര വികസനം - വീട് നിർമ്മാണം എന്നീ പ്രൊജക്ടുകൾക്ക് വേണ്ടി നന്മണ്ട, പേരാമ്പ്ര എന്നീ ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നു. ഒളിയന്മല കോളനിയിലെ 8 പട്ടികജാതി കുടുംബങ്ങൾക്കും, ചേരമല കോളനിയിലെ 18 പട്ടികജാതി കുടുംബങ്ങൾക്കും വീടൊന്നിന് 3,00,000/-ലക്ഷം രൂപ വരെ ഗഡുക്കളായി അനുവദിക്കുന്നു. ഇതിനുവേണ്ടി യഥാക്രമം 23,00,000/-രൂപ 19.03.2017ന് നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലും 18.03.2017ന് 39,00,000/-രൂപ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കും കൈമാറിയിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജി.ഒ (എം.എസ്)4/2016 ത.സ്വ.ഭ.വ തീയതി 11.01.2016 ഖണ്ഡിക 3-6 കുറിപ്പ് (2) അനുസരിച്ച് ഐ.എ.വൈ വിഹിതത്തിന് ഉപരിയായുള്ള അധിക തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വഹിക്കേണ്ടതും നിർമ്മാണ ചുമതല ബ്ലോക്ക് പഞ്ചായത്തിനായിരിക്കും എന്നും സൂചിപ്പിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച പ്രൊജക്ടുകൾ ഇത്തരത്തിൽപ്പെടുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 1994, 173-ാം വകുപ്പ് (1) ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ (VI-ഭവന നിർമ്മാണം) എന്നതിലും ഇവ ഉൾപ്പെടുന്നില്ല. ഇപ്രകാരം പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ചെലവ് തുക 6200000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-32 ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് കൺസ്യൂമബിൾസ് വാങ്ങൽ -3050 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് കൺസ്യൂമെബിൾസ് വാങ്ങൽ |
| പ്രൊജക്ട് നം. | 644/16-17 |
| അടങ്കൽ | 4,00,000/-, വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആയുർവ്വേദ ആശുപത്രി, കോഴിക്കോട് |
| ബിൽ നം. | 142/16-17 തീയതി 16.03.2017<br>153/16-17 തീയതി 25.03.2017 |
| ചെലവ് | 3,76,130/- |
| വൗച്ചർ നം. | 6/16.17 |

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് കൺസ്യൂമെബിൾസ് വാങ്ങൽ എന്ന പ്രൊജക്ട് രൂപീകരിച്ച് വികസനഫണ്ടിൽ 4,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. 4,00,000/-രൂപ വകയിരുത്തിയതിൽ 3,76,130/-രൂപക്ക് തൻവർഷം കൺസ്യൂമെബിൾസ് വാങ്ങിയിട്ടുണ്ട്. ഇതിൽ എക്സ്റേ വിഭാഗത്തിനാവശ്യാമായ സാധന സാമഗ്രികൾക്ക് 07.11.2016ന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആദർശ് മെഡിക്കൽ സിസ്റ്റം, ജയിൽ റോഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുയും ചെയ്തു. അംഗീകരിച്ച ടെണ്ടർ പ്രകാരം X ray cassette with screen " 17 X 14" എന്ന ഐറ്റം ഉപകരണം/എണ്ണത്തിന്റെ വില19,000/-രൂപയാണ്. എന്നാൽ ആദർശ് മെഡിക്കൽ ഹാജരാക്കിയ 3.3.2017 -ലെ കേഷ് ബിൽ നം. 8/B1148 പ്രകാരം മേൽ ഉപകരണത്തിന്റെ വില 22050/-രൂപയാണ്. 19000/-രൂപയാണ് ടെണ്ടർ അംഗീകരിച്ച മേൽ ഉപകരണത്തിന് 22050/-രൂപ നൽകിയതിന് ഓഡിറ്റ് എൻക്വയറി 4/16-17 14.11.2017 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3050 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-33 ഡയറിഫാം ആവർത്തന ചെലവുകൾ - ഡോക്ടറുടെ വേതനം നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം.<br>അടങ്കൽ | 586/17<br>7,00,000/-, വികസന ഫണ്ട് |
| പുതുക്കിയ പ്രൊജക്ട് നം.<br>അടങ്കൽ | 586/17<br>6,40,302/-, തനതു ഫണ്ട് |
| ചെലവ് | 59,698/- ബിൽ നം. 2/16-17/16.03.2017 |
| | 3,26,354/- ചെ.നം. 1846062/16.03.2017 |

| | |
|---|---|
| | (വൗച്ചർ നം. 22/16-17/23.03.2017) |
| | 2,52,281/- ചെ.നം. 1846034/16.03.17<br>(വൗച്ചർ നം. 23/16-17/ 24.03.2017 |
| | 41,555/- ചെ.നം. 1846034/16.03.2017 |
| ആകെ ചെലവ് | 6,79,888/- |

കാലിത്തീറ്റ, വൈക്കോൽ, പശുക്കൾക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ്, അനാമത്ത് ചെലവുകൾ എന്നിവക്കും ഫാമിലെ പശുക്കൾക്ക് ഒരു ഡോക്ടറെ താൽക്കാലികമായി നിയമിക്കുതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആദ്യം പ്രൊജക്ടിന്റെ ചെലവ് വകയിരുത്തിയിരുന്നത് വികസന ഫണ്ടിൽ നിന്നുമാണ്. ഇതു പ്രകാരം 59,698/-രൂപ താൽക്കാലിക വെറ്ററിനറി സർജന് വേതനം നൽകുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. പിന്നീട് തനത് ഫണ്ടിൽ നിന്നും വകയിരുത്തി ചെലവ് നടത്തിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 11.01.2016-ലെ സർക്കാർ ഉത്തരവ് നമ്പർ 4/2016 ത.സ്വ.ഭ.വ പ്രകാരം ആവർത്തന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതല്ല. ആയതിനാൽ ജില്ലാ പഞ്ചായത്ത് ഒരു വർഷത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് പേയുടെ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറെ നിയമിക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല.
2. ജില്ലാ പഞ്ചായത്ത് ഇത്തരത്തിൽ ഒരു ഹൈടെക് ഫാം ജില്ലാ കൃഷിത്തോട്ടത്തിനുള്ളിൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി വാങ്ങിയിട്ടുണ്ടായിരുന്നതായി കാണുന്നില്ല. ഇത്തരത്തിൽ ഫാം ആരംഭിക്കുമ്പോൾ സംസ്ഥാനത്തെ മറ്റു ഫാമുകളിൽ ഈ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന ഡയറി ഫാമുകളുടെ പ്രവർത്തന രീതികൾ അവലംബിക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഹാജരാക്കിയ ഫയലിലെ കത്തു പ്രകാരം ബൈലോ തയ്യാറാക്കി ഫാമിന്റെ പൂർണ്ണ ചുമതല സൂപ്രണ്ടിന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. 26.02.2016-ലെ സ.ഉ(പി)നം.28/2016ധനം പ്രകാരം ദിവക്കൂലി / കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവരെ 179 ദിവസം വരെ മാത്രമാണ് നിയമിക്കേണ്ടത് എന്നും മാക്സിമം 39000/-രൂപയേ നൽകാവൂ എന്നും നിഷ്കർഷിക്കുന്നു. ഇപ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥൻ സ്ഥാപനവുമായി കരാർ ചമക്കേണ്ടതാണ് എന്നും മേൽ ഉത്തരവിൽ പറയുന്നു. എന്നാൽ ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഫാമിലേക്ക് വെറ്ററിനറി സർജനെ തെരെഞ്ഞെടുത്തത് ഏതു മാനദണ്ഡപ്രകാരമാണ് എന്നതും ഫയലിൽ നിന്നും വ്യക്തമല്ല. ഉദ്യോഗാർത്ഥിയെ ക്ഷണിക്കുന്നതിന് വ്യാപകമായി അപേക്ഷകൾ ക്ഷണിച്ചോ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണ്.
4. ജില്ലാ പഞ്ചായത്തിന്റെ 06.02.2016-ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഹൈടെക് ഡയറി ഫാമിലെ പശുക്കളെ പരിശോധിക്കുന്നതിന് ആവശ്യമുള്ള

ദിവസങ്ങളിൽ ഫാമിൽ എത്തുന്നതിന് താൽപ്പര്യമുള്ള ഡോക്ടർമാരിൽ നിന്നും സമ്മതപത്രം വാങ്ങി വേതനം നിശ്ചയിക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന് വിരുദ്ധമായി കൺസോളിഡേറ്റഡ് പേയുടെ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറെ നിയമിച്ചത് എന്ത്കൊണ്ടാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ കുത്താളി ഫാം നിലനിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ വെറ്ററിനറി സർജൻമാരുടെ സേവനം ഡയറി ഫാമിലേക്ക് രേഖാമൂലം ആവശ്യപ്പെടുകയും, രേഖാമൂലം വിസമ്മതമറിയിക്കുകയും ചെയ്തിരുന്നോ, എന്നും വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിലും അപാകതകൾ നിലനിൽക്കുന്നതിനാലും ശമ്പള ഇനത്തിൽ നല്കിയ ചെലവ് തടസ്സപ്പെടുത്തുന്നു (108198).

## 3-34 അംഗനവാടി കെട്ടിടനിർമ്മാണം-പദ്ധതിനടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നമ്പർ – S914/15

ചെലവ് – 800000 Bill No. Dp1 16-17/ 02.03.17

400000 billno DP2/16-17-14.03.17

നിർവ്വഹണഉദ്യോഗസ്ഥൻ – ഐ.സി,ഡി.എ.സ്. പ്രോഗ്രാം ഓഫിസർ

ഗ്രാമപഞ്ചായത്തും ജില്ലാപഞ്ചായത്തും ചേർന്നുള്ള സംയുക്തപ്രോജക്ട് പ്രകാരം നരിക്കുനി പഞ്ചായത്തിലെ നം -81 പാലങ്ങാട് അംഗനവാടി,കുന്നമ്മൽ പഞ്ചായത്തിലെ നം -50 ടൗൺ അങ്കണവാടി മരുതോങ്കര ഗ്രാമപഞ്ചായത്തിലെ നം-125മുപ്പറ്റക്കയി അംഗനവാടി എന്നിവയ്ക്ക് കെട്ടിടനിർമ്മാണത്തിന്നായി പരമാവധി 400000 രൂപ വീതം ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകി. എന്നാൽ നരിക്കുനി ഗ്രാമപഞ്ചായത്തിലെ 15- വാർഡിൽ പ്രവർത്തിക്കുന്ന മേലെ പാലങ്ങാട് കെട്ടിടനിർമ്മാണത്തിന്നായി ഗ്രാമപഞ്ചായത്തിൽ നിന്നു 200000 രൂപ നൽകി. പ്രത്യേക പ്രോജക്ട് വച്ചു. മേൽ അങ്കണവാടി പൂർത്തിയാക്കിയതിൻെറ രേഖ ഹാജരാക്കിയിട്ടില്ല. ഇതിനു പുറമെ കുന്നമ്മൽ, മരുതോങ്കര അങ്കണവാടികളുടെ പണി പൂർത്തിയാക്കിയതിൻെറ വിവരം ലഭ്യമല്ല. ജില്ലാ പഞ്ചായത്തിൽ നിന്നും നാല് ലക്ഷം രൂപ വീതം കൈപ്പറ്റിയിട്ടും മേൽ അങ്കണവാടികളുടെ പണി പൂർത്തിയാക്കാത്തതിന്ന് വിശദീകരണം നൽകേണ്ടതാണ്. കുന്നമ്മൽ,മരുതോങ്കര അങ്കണവാടികളുടെ നിർമ്മാണം സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റ പ്രോജക്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-35 തെരുവ് നായ നിയന്ത്രണം-എബിസി പദ്ധതി പ്രാവർത്തികമായില്ല.

അടങ്കൽ -19000000 (വികസനഫണ്ട്-1500000,ഗ്രാമപഞ്ചായത്ത് വിഹിതം-17500000).

ചെലവ് -1498382/-(ബിൽ നം-2/31-3-2017, വികസനഫണ്ട്).

43350/-(ചെക്ക്നം-1846070/28-3-2017ടി.എസ്.ബി).

നിർവ്വഹണം-ഡെപ്യൂട്ടിഡയറക്ടർ മൃഗസംരക്ഷണം.

കേരള സംസ്ഥാന പ്ളാനിംഗ് ബോർഡിന് സമർപ്പിച്ച കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് KARUNA (Kozhikode Project For Animal Rehabilitation Using Non-Violent Alternatives) അടിസ്ഥാനത്തിലാണ് തൻവർഷം തെരുവ് നായ നിയന്ത്രണത്തിനായി പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ജില്ലയിലെ മുഴുവൻ തെരുവുനായ്ക്കളെയും വന്ധ്യംകരണത്തിനും വാക്സിനേഷനും വിധേയമാക്കുക , ജില്ലയിലെ എല്ലാവളർത്തുനായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുക, ശാസ്ത്രീയമായ ജൈവ മാലിന്യ സംസ്കരണത്തിലൂടെയും വന്ധ്യംകരണത്തിലൂടെയും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുക എന്നിവയാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ഇതിനായി ജില്ലയിൽ എട്ട് കരുണ എ.ബി.സി സെന്ററുകൾ സ്ഥാപിച്ച് അതുവഴിയാണ് പദ്ധതി നടത്തിപ്പിലാക്കേണ്ടിയിരുന്നത്. 22 നവംബർ 2016ന് പത്ര പരസ്യം വഴി അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ മനുഷ്യത്ത്വപരമായി പിടിച്ച് വാഹനത്തിൽ കയറ്റി നിശ്ചയിക്കുന്ന വന്ധ്യംകരണ ക്യാമ്പിൽ എത്തിക്കുകയും , വന്ധ്യംകരണം ചെയ്യുവാനും അതിനുശേഷം അവയെ പരിചരിക്കുകയും ആവശ്യമായ കുത്തി വെയ്പ്പുകൾ എടുത്തശേഷം പിടിച്ച സ്ഥലത്ത് തിരികെ കൊണ്ടു വിടുകയും ചെയ്യുന്നതിന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാര മുള്ള സന്നദ്ധസംഘടനകളിൽ നിന്നും പ്രസ്തുത ചെലവ് സഹിതം അപേക്ഷ ക്ഷണിക്കുകയും ഇതിനായി ആനിമൽ റൈറ്റ് ഫണ്ട് ബാംഗ്ലൂർ എന്ന സ്ഥാപനവുമായി ഒരുനായയ്ക്ക് 1450/- രൂപ നിരക്കിൽ വന്ധ്യംകരണ നിരക്ക് നിശ്ചയിച്ച് എം.ഒ.യു ഒപ്പിടുകയും ചെയ്തിട്ടുണ്ട്. എ.ബി.സി സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി റഫ്രിജറേറ്റർ, എസി , ഓപ്പറേഷൻ ടേബിൾ, ഹാലജൻ ലാമ്പ് ,ഇലക്ട്രോണിക്ക് സെക്യൂരിറ്റി സിസ്റ്റം , 15 നായ്ക്കൂടുകൾ എന്നിവയ്ക്കായാണ് തൻവർഷം പ്രോജക്ടിൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം 18-2-2017 ന് കൊയിലാണ്ടിയിൽ വച്ച് നടന്നു.പേരാമ്പ്ര,ബാലുശ്ശേരി കേന്ദ്രങ്ങളുടെ ഉദ്ഘാടനം 21-3-2017 നും നടന്നു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജില്ലയിൽ തെരുവുനായ ശല്ല്യവും പേപ്പട്ടി ശല്യവും രൂക്ഷമായിരുന്നിട്ടും പദ്ധതി സമയ ബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞില്ല. ഓഡിറ്റ് വർഷം അവസാനം വരെയും ഒറ്റനായയെ പേലും വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടില്ല.
2. പദ്ധതിക്കായി 8 കരുണ എ.ബി.സി സെന്ററുകളാണ് തയ്യാറാക്കേണ്ടിയിരുന്ന തെങ്കിലും കൊയിലാണ്ടി, ബാലുശ്ശേരി ,പേരാമ്പ്ര സെന്ററുകൾ മാത്രമാണ് ഓഡിറ്റ് വർഷം പൂർത്തിയായത് മറ്റ്കേന്ദ്രങ്ങളായ വടകര, പുതുപ്പാടി, കുന്നമ്മൽ എന്നിവയുടെ പണി പൂർത്തിയായിട്ടില്ല. മാങ്കാവ്,കുന്ദമംഗലം എന്നിവിടങ്ങളിൽ ഉദ്ദേശിച്ച സ്ഥല സൗകര്യം ലഭിക്കാത്തതിനാൽ സെന്ററിന്റെ പണി തുടങ്ങിയിട്ടില്ല.
3. തെരുവുനായ നിയന്ത്രണത്തിനായി 2015-16 വർഷം രൂപീകരിച്ച പദ്ധതി പ്രകാരം ഗ്രമപഞ്ചായത്തുകളിൽ നിന്നും പ്ളാൻഫണ്ട് വിഹിതമായി ലഭിച്ച 2600000/- രൂപ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ മൃത നിക്ഷേപമായി കിടക്കുന്നത് മുൻ വർഷഓഡിറ്റ്

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2016-17 ൽ മുൻ ബാക്കി ഉൾപ്പെടെ 13017970/- രൂപ ജില്ലാപഞ്ചായത്തിന്റെ സ്പെഷ്യൽ ടി എസ്ബി അക്കൗണ്ടിൽ നിക്ഷേപമായി ഉണ്ട്. സംയുക്ത പ്രോജക്ട് ഇനത്തിൽ ലഭിച്ചതുക വാർഷികകണക്കിൽ ഡെപ്പോസിറ്റ് ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

4. മറ്റ് പ്രോജക്ട് ലക്ഷ്യങ്ങളായ ജില്ലയിലെ എല്ലാവളർത്തു നായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തുക,ശാസ് ത്രീയമായ ജൈവ മാലിന്യ സംസ്കരണ ത്തിലൂടെ നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒന്നും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-36 സമഗ്ര വിദ്യാഭ്യാസപദ്ധതി നടത്തിപ്പിലെ - അപാകതകൾ.

പ്രോജക്ട് നം-812/17

അടങ്കൽ -1000000/-(വികസനഫണ്ട്)

ചെലവ് -169180/- (ബിൽ നം-4/30-3-17)

138615/- (ബിൽ നം-7/31-3-17)

നിർവ്വഹണം-ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ.

സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട വിജയോത്സവം ജില്ലയിലെ 40 സ്കൂളുകളിലായി എസ്.എസ്.എൽ.സി,പ്ളസ് ടു ക്ളാസുകളിൽ പഠിക്കുന്ന പഠനത്തിൽ പിന്നാക്കം നിൽക്കുന്ന തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് രാത്രികാലങ്ങളിൽ വിവിധ വിഷയങ്ങളിലായി പ്രത്യേക പരിശീലനം നൽകി അവരെ പരീക്ഷയിൽ ഉന്നത വിജയം പ്രാപ്തമാക്കുന്നതിനായാണ് ലക്ഷ്യമിട്ടത്. പദ്ധനടത്തിപ്പിനായി സ്കൂൾ അധികൃതരും ,പിടിഎയും സംഘടിപ്പിച്ച പരിശീലനക്ളാസുകളുടെ ചെലവുകൾക്കായാണ് തൻവർഷം പദ്ധതിയുടെ ഭാഗമായി തുക ചെലവഴിച്ചിരിക്കുന്നത് . പഠിതാക്കൾക്ക് ലഘുഭക്ഷണം,വിവിധ വിഷയങ്ങളിൽ ക്ളാസ് എടുത്തതിന് അധ്യാപകർക്ക് പ്രതിഫലം , മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഓരോ സ്കൂളിനും ചെലവ് വന്നതുകയിൽ ഒരുസ്കൂളിന് പരമാവധി 10000/- രൂപ എന്നനിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016-17 വാർഷികപദ്ധതി സ.ഉ.(എം.എസ്)നമ്പർ 4/2016 തസ്വഭവ,തീയ്യതി 11.01.2016 പദ്ധതി മാർഗ്ഗരേഖയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായുള്ള നിർദ്ദേശങ്ങളും നിബന്ധനകളും (ഖണ്ഡിക 11-6.iv ) പ്രകാരം ഹോണറേറിയമോ വേതനമോ കൂടാതെ സന്നദ്ധമനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ ,വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ചാണ് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്ക് പ്രത്യേകം കോച്ചിംഗ് നൽകേണ്ടത് എന്ന് വ്യക്തമാക്കി യിട്ടുണ്ട്.എന്നാൽ ആയതിന് വിരുദ്ധമായാണ് തൻ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി കോച്ചിംഗ് ക്ളാസ് എടുത്ത ഇനത്തിൽ അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനായി പ്ളാൻ ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. കൂടാതെ ഒരേ വിഷയത്തിൽ ക്ളാസ് എടുത്ത വ്യത്യസ്ത അധ്യാപകർക്ക് ഓരോസ്കൂളിലും വ്യത്യസ്ത നിരക്കിലാണ് പ്രതിഫലം നൽകിയിരിക്കുന്നതും. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-37 ഭേദഗതി ചെയ്ത പ്രോജക്ടിന്റെ ചെലവു രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 446/2017 |
| അടങ്കൽ | 22,25,000/- |
| ചെലവ് | 367126/- ബിൽ നം.6/16-17 തീയതി 30.03.2017 |
| | 767353/- ബിൽ നം.4/16-17 തീയതി 30.03.2017 |
| | 571102/- ബിൽ നം. 3/16-17 തീയതി 23.03.2017 |
| | 195648/- ബിൽ നം. 1/16-17 തീയതി 18.11.2016 |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിലേക്ക് വിത്തുകളും തൈകളും വാങ്ങുന്നതിനും, വാഹനങ്ങൾക്ക് പെട്രോൾ, ഓയിൽ എന്നിവ വാങ്ങുന്നതിനും പുഴ മണൽ വാങ്ങുന്നതിനും വളം വാങ്ങുന്നതിനും മറ്റ് സാധനങ്ങൾ വാങ്ങുന്നതിനുമായി ലക്ഷ്യമിട്ടതാണ്.

18.11.2016-ലെ ട്രഷറി ബിൽ നം. 1/16-17 പ്രകാരം 195648/-രൂപയിൽ 104138/-രൂപ ഫാമിലേക്ക് പുഴമണൽ വാങ്ങിയതിന് ജില്ലാ കളക്ടർ, കോഴിക്കോടിന് (ഡി.ഡി.നം.024190/15.12.16 എസ്.ബി.ടി പേരാമ്പ്ര) നൽകിയതായി കാണുന്നു. എന്നാൽ പുഴമണൽ ലേലത്തിൽ പിടിച്ചതിന്റെ രേഖകളോ, റവന്യൂ വിഭാഗത്തിൽ തുക ഒടുക്കിയതിന്റെ ചെലാൻ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ടി തുക ഒടുക്കിയതിന്റെ അക്കൗണ്ടബിൾ രസീതിനു പകരം ഒരു ഡി.ടി.പി യിൽ തയ്യാറാക്കിയ രസീത് ആണ് ഹാജരാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 104138/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രൊജക്റ്റിൽ കീടനാശിനിക്കായി 17277/-രൂപ ചെലവഴിച്ചിട്ടുണ്ട്. എങ്കിലും ആയത് ക്വട്ടേഷൻ വിളിച്ചതായി കാണുന്നില്ല.

27.08.2016-ലെ ഇൻവോയ്സ് പ്രകാരം ശാന്തകുമാർ,ഡിണ്ടിഗൽ, മാവട്ടം, തമിഴ്നാട് എന്നയാളിൽ നിന്നും 33025/-രൂപയുടെ കിർണി ഡീസലിംഗ്സ് , മാംഗോ ഡീസലിംഗ്സ്, കറിവേപ്പ് ഡീസലിംഗ്സ്, ആര്യവേപ്പ് ഡീസലിംഗ്സ് എന്നിവ സ്റ്റോക്ക് രജിസ്റ്റർ വാല്യം 28 പേജ് 12,16,17,18 എന്നിവയിൽ ചേർത്തിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

18.10.2016 ഇൻവോയസ് നം. 488 പ്രകാരം ലോഡ്സ് അഗ്രികൾച്ചറൽ നേഴ്സറിയിൽ നിന്നും മാവ് തൈ 1000 എണ്ണം 3000/-രൂപക്ക് ലഭിച്ചതായി ഫയലിൽ സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും സ്റ്റോക്ക് രജിസ്റ്റർ വോളിയം 27 ൽ പേജ് 19 ൽ സ്റ്റോക്ക് രേഖപ്പെടുത്തയിട്ടില്ല.

09.03.2017 ഇൻവോയ്സ് നം. പ്രകാരം 35001 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് എം.കെ.വി.എസിൽ നിന്നും വാങ്ങിയത് സ്റ്റോക്ക് രജിസ്റ്റർ വോളിയം 19 ൽ പേജ് നം. 78 ൽ രേഖപ്പെടുത്തിയതായി പറയുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത പേജിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതപരിഹരിക്കേണ്ടതാണ്.

പ്രോജക്റ്റുകളോടൊപ്പം ഹാജരാക്കിയ ഫയലുകളിൽ കൂത്താളി ജില്ലാഫാം സൂപ്രണ്ടിന്റെ സെക്രട്ടറിയ്ക്കുള്ള കത്തിൽ(6.1.2017 ലെ 604/06 )2016-17 വർഷത്തെ മേൽ പദ്ധതി ഭേദഗതി

ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നു.ആയതുപ്രകാരം പ്രോജക്റ്റ് 446/17 വിത്തുകളും തൈകളും വാങ്ങൽ എന്നപദ്ധതിയിൽ നിന്നും 2 ലക്ഷം കുറവു ചെയ്തുകൊണ്ടും ഡിപ്പാർട്ട്മെന്റ് അനുവദിച്ച ഒരു ലക്ഷം രൂപയും, മേപ്പാടി പ്രോജക്റ്റിൽ നിന്നും 2 ലക്ഷം രൂപയും വകമാറ്റിക്കൊണ്ട് ഡ്രിപ്പ് ഇറിഗേഷൻ എന്ന പുതിയ പദ്ധതി നടപ്പാക്കാനുണ്ടെന്നും കത്തിൽ അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം 22,25,000/- എന്ന അടങ്കൽ 20,00,000/- ആയി കുറച്ച് ഭേദഗതി ചെയ്തിട്ടുണ്ട്. ഇപ്രകാരം 2,00,000/-രൂപ വികസനഫണ്ട് വകമാറ്റി മറ്റുഫണ്ടുകളും ചേർത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

കൂടാതെ പ്രോജക്റ്റ് നം-584/16-17 ന്റെ ഫയൽ പരിശോധനയിൽ ജില്ലാകൃഷിത്തോട്ടം ഫാം സൂപ്രണ്ട് ,ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ച കത്തിൽ 2016-17 വർഷം പ്രോജക്ടിൽ ഉൾപ്പെടുത്തിയ സാധനങ്ങൾക്ക് തുക അനുവദിയ്ക്കുന്നതിനുള്ള റിക്വസിഷനിൽ 2015-16വർഷത്തെ ബില്ലുകളും ഉൾപ്പെട്ടത് 2016-17 വർഷത്തെബില്ലുകളുടെ റിക്വസിഷൻ തയ്യാറാക്കിയപ്പോൾ സംഭവിച്ച നോട്ടപ്പിശകാണെന്നും 15-16 വർഷം അനുവദിച്ചതിനെക്കാൾ അധികം ചെലവഴിച്ചതിന്റെ ഫണ്ട് അനുവദിയ്ക്കുന്നതിന് വേണ്ടി ബില്ലുകൾ സമർപ്പിച്ചിരുന്നെങ്കിലും അതിൽ ഉൾപ്പെടാത്ത ബില്ലുകൾ അന്നത്തെ കൃഷി ഓഫീസർ സ്റ്റോക്ക്എന്ട്രിവരുത്തുന്നതിന് വേണ്ടി കൈവശം സൂക്ഷിച്ചിരുന്നതായും കത്തിൽ പറയുന്നുണ്ട്. 2015-16 വർഷത്തിൽ മാറാത്തതും റിക്വസിഷനിൽ ഉൾപ്പെട്ടിട്ട് ഒഴിവാക്കിയതുമായ ചെലവു തുകകൾ നാളിതുവരെ മാറിയിട്ടുണ്ടോ എന്നു വ്യക്തമാക്കാനും,പ്രോജക്റ്റ് ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലവു രേഖകളും ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. ആയതുപ്രകാരം ചെലവുരേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## **3-38** ഡയാലിസിസ് സെന്ററിന് കൺസ്യൂമബിൾസ് വാങ്ങൽ പദ്ധതി

പ്രോജക്റ്റ് നം-SO587/17

അടങ്കൽ-15,00,000/-വികസനഫണ്ട്

ചെലവ് -9,31,774/- 1/16-17/16.1.17

-3,69,910/-5//16-17/31.3.17

-1,98,145/-4/16-17/17.3.17

---

14,99,829/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സൂപ്രണ്ട്, ജില്ലാ ഓഫീസ് വടകര.

പ്രോജക്ടിനോടൊപ്പം 107 കൺസ്യൂമബിൾസിന്റെ ലിസ്റ്റ് ചേർത്തിട്ടുണ്ട് എങ്കിലും ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ മുകളിൽ പറഞ്ഞ എല്ലാ ഇനങ്ങളും നിരക്ക് സഹിതം ടെണ്ടർ സമർപ്പിച്ചിട്ടില്ല.എല്ലാസ്ഥാപനങ്ങളും എല്ലായിനവും ക്വാട്ട് ചെയ്യാത്തതിനാൽ കുറച്ചു സാധനങ്ങൾ വീതം പലസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതായി കാണുന്നത്.ആയതിനാൽ ലാഭകരമായ വാങ്ങൽ പ്രക്രിയയാണ് നടന്നിട്ടുള്ളത് എന്നുറപ്പിയ്ക്കുവാൻ സാധിച്ചിട്ടില്ല .ടെണ്ടർ നോട്ടീസിൽ സ്റ്റോർപർച്ചേസ് റൂൾസിന്റെ എല്ലാ പ്രൊവിഷനും ബാധകമാണ് എന്നിരിക്കേ 15 ലക്ഷം രൂപയുടെ വാങ്ങൽ പ്രക്രിയ ഇടെണ്ടറിനുള്ള നടപടി സ്വീകരിയ്ക്കാതിരുന്നതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്. കൂടാതെ സാധനങ്ങൾ നല്കിയതിന്റെ വില സ്ഥാപനത്തിന് നല്കിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. വിശദീകരണവും,കൈപ്പറ്റു രസീതും ഹാജരാക്കേണ്ടതാണ്. താൽകാലികമായി തുക തടസ്സപ്പെടുത്തുന്നു.

## 3-39 വനിതഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യകൃഷിക്ക് ധനസഹായം നൽകൽ പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

പ്രോജക്ട് നമ്പർ, പേര് – S0795/17 വനിതഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യകൃഷിക്ക് ധനസഹായംനൽകൽ

അടങ്കൽ – വികസന ഫണ്ട് 400000

ചെലവ് – ബിൽ നമ്പർ 1/16-17 150000തീയതി 22/3/17

മേൽ പദ്ധതി പ്രകാരം ചക്കിട്ടപ്പാറ, തിരുവമ്പാടി , കരുവട്ടൂർ ഗ്രാമ പഞ്ചായത്ത് എന്നിവടങ്ങളിലെ ഗോൾഡൻഫിഷ് , പ്രതീക്ഷ, കീർത്തി ഓർണമെന്റൽ ഫിഷ് ഫാർമേഴ്സ് ഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യക്കൃഷിക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

12ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം. എസ് ) 4/2016 തസ്വഭവ 11-1-2016 അലങ്കാര മത്സ്യകൃഷിക്ക് ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിന് അഞ്ചംഗങ്ങളിൽ കുറയാതെയുള്ള ഗ്രൂപ്പുകൾക്ക് പരമാവധി 50000 രൂപ വരെ സബ്സിഡി നൽകാവുന്നതാണ് എന്നും ഗ്രൂപ്പിലെ അംഗങ്ങൾ കർമ്മോൻമുഖ മത്സ്യതൊഴിലാളി മത്സ്യകർഷകക്ലബിൽ അംഗങ്ങളായ നാമമാത്രകർഷകർ, പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ ആശ്രിതർ എന്നിവർ ആയിരിക്കണം എന്നും അംഗങ്ങളുടെ കുടുംബ വാർഷീക വരുമാനം 100000 രൂപയിൽ കവിയാത്തവരും ആയിരിക്കണം എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട് .

എന്നാൽ പദ്ധതി പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1. മൂന്ന് ഗ്രൂപ്പിലെയും അംഗങ്ങൾ നാമമാത്ര കർഷകർ, പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ആശ്രിതർ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പ്രതീക്ഷ ഓർണമെന്റൽ ഫിഷ് ഫാർമേഴ്സ് ഗ്രൂപ്പിലെ അംഗങ്ങൾ മത്സ്യതൊഴിലാളി, മത്സ്യ

കർഷക ക്ലബിൽ അംഗമാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ് രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 150000/- തടസ്സപ്പെടുത്തുന്നു.

## **3-40** എം എസ് ടി എൽ തിക്കോടി അടിസ്ഥാന സൗകര്യവികസനം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

പ്രൊജക്ട് നമ്പർ ,പേര് SO748/17 എം എസ് ടി എൽ തിക്കോടി അടിസ്ഥാന സൗകര്യവികസനം

അടങ്കൽ വികസന ഫണ്ട് 324400

ചെലവ് ബിൽ നമ്പർ 39 /16-17 87800 തീയതി 31/3/17

ബിൽ നമ്പർ 40/16-17 127364 തീയതി 31/3/17

ബിൽ നമ്പർ 41/16-17 59500 തീയതി 31/3/17

മേൽ പ്രോജക്ട് പ്രകാരമുള്ള എം എസ് ടി എൽ തിക്കോടി അടിസ്ഥാന സൗകര്യവികസനം എന്ന പദ്ധതിയിലുൾപ്പെടുത്തി ബിൽ നമ്പർ 39 പ്രകാരം ബിസയർ പവർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ, ലാപ്ടോപ്പ് , യൂ പി എസ് എന്നിവ വാങ്ങി. . പ്രോജക്ട് പ്രകാരം ക്വട്ടേഷൻ വിളിച്ചാണ് പ്രസ്തുത സാധനങ്ങൾ വാങ്ങേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ , ലഭ്യമായ ക്വട്ടേഷനുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

കൂടാതെ മേൽ കാണിച്ചിട്ടുള്ള മൂന്ന് ബില്ലുകളിലായി വാങ്ങിച്ചിട്ടുള്ള സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ , ബിൽ നമ്പർ 41/16-17 പ്രകാരം മാറിയ തുക പഞ്ചവർണ്ണം ആർട്സ് എന്ന സ്ഥാപനത്തിന് നൽകിയതിന്റെ കൈപ്പറ്റ് രശീതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 274664/- തടസ്സം ചെയ്യുന്നു.

## 3-41 ഗ്രാന്റ് പാരന്റിങ്ങ് പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ സാമൂഹ്യ നീതി ഓഫീസർ

പ്രോജക്ട് നമ്പർ, പേര് S0640/17 ഗ്രാന്റ് പാരന്റിങ്ങ്

അടങ്കൽ വികസന ഫണ്ട് 500000

ചെലവ് ബിൽ നമ്പർ 1/16-17 200000 തീയതി 7/3/17

മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് ജെറിയാട്രിക്ക് ,കൗൺസിലിംഗ് പോഷകാഹാരം നൽകൽ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത് . ജില്ലയിലെ 12 ബ്ലോക്കുകളിലായി 30 ക്യാമ്പുകൾ ICDS തലത്തിൽ ബന്ധപ്പെട്ട ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ നടത്തി .

പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ധനവിനിയോഗ മാർഗ്ഗരേഖ ജി ഒ (പി ) 177/2006 ധനം 12-04 2006 , യിൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ മേൽ പ്രോജക്ടിൽ രണ്ട് ലക്ഷം രൂപ ക്യാമ്പുകൾ നടക്കുന്നതിന് മുമ്പേ അഡ്വാൻസായി പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത് . ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ട് ക്യാമ്പുകൾ ഒഴികെ ബാക്കി ക്യാമ്പുകൾ ബിൽ തീയതിക്കുശേഷമാണ് നടന്നത് .ചില ക്യാമ്പുകളുടെ വൗച്ചറുകളിൽ ക്യാമ്പ് നടന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല.

2 . ഐസി ഡി എസ് വടകര , ഐസി ഡി എസ് കുന്ദമംഗലം, ഐസി ഡി എസ് തൂണേരി തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുത്തവരുടെ ഹാജർ പത്രിക ഹാജരാക്കിയിട്ടില്ല.

3 .ക്യാമ്പുകളുടെ ചെലവിനത്തിൽ 198564 രൂപ മാറിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക ബന്ധപ്പെട്ട ശിശുവികസന ഓഫീസർക്ക് നൽകിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള 1436 രൂപ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്

4 .12ാംപദ്ധതി സബ്സിഡി പൊതുവിഷയങ്ങൾ ജി ഒ (എം എസ് ) 4 /2016 തസ്വഭ വ 11-1-2016 ഖണ്ഡിക 7.7പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണക്യാമ്പുകൾ മെഡിക്കൽ ക്യാമ്പുകൾ , മേളകൾ സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ഗ്രാന്റ് പാരന്റിങ്ങ് പദ്ധതിയുട ഭാഗമായി ജെറിയാട്രിക്ക് കൗൺസിലിംഗ് ,മെഡിക്കൽക്യാമ്പുകൾ, ആരോഗ്യബോധവൽക്കരണക്ലാസ്സുകൾ എന്നിവയാണ് നടന്നിട്ടുള്ളത് . മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചപ്രകാരം ഏറ്റെടുക്കാൻ പാടില്ലാത്ത പദ്ധതികൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കിയതിന് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല .

അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു

## 3-42 ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ചെലവ് തുക728349 രൂപ തടസ്സപ്പെടുത്തുന്നു

പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാം വാർഷിക പദ്ധതി 2016-17 – ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ചെലവ് തുക728349 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം. | 626/17 |
| പ്രോജക്ടിന്റെ പേര് | സ്റ്റേറ്റ് സീഡ് ഫാം വാർഷിക പദ്ധതി 2016-17 |
| അടങ്കൽ | 750000/-(വികസന ഫണ്ട്) |
| ചെലവ് | 728349/- |
| ബിൽ നം. | 1/16-17, തീയതി 07.01.2017<br>2/16-17, തീയതി 27.02.2017<br>3/16-17, തീയതി 06.03.17<br>4/16-17, തീയതി 28.03.17 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |

## 3-43 വൗച്ചർ പരിശോധനയിൽ കണ്ട അപാകങ്ങൾ

2016-17 വർഷത്തെ വൗച്ചർ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു

| വൗച്ചർ നമ്പർ ,തീയതി | തുക | അപാകതകൾ |
|---|---|---|
| 21601284 dt 25/3/17 | 12179 | KL 11 AE 8608 വണ്ടിയുടെ ഇൻഷ്വറൻസ് തുക അടച്ചതിന്റെ രശീതി ഇല്ല |
| 21600939 dt 23/1/17 | 57884 | വാറ്റ് തുക കമേഴ്സ്യൽ ടാക്സ് ഓഫീസ് കോഴിക്കോട് അടച്ചതിന്റെ രശീതി ഇല്ല |
| 21600496 dt 26/9/16 | 100800 | കരകൗശല തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷൻ വിതരണരേഖകൾ ഇല്ല |
| 21600024 dt 2/4/16 | 7904 | ജില്ലപ്ലാനിംഗ് കമ്മിറ്റി മെമ്പർമാർക്കുള്ള ട്രെയിനിംഗിന് NATIONAL INSTITUTE OF RURAL DEVELOPMENT HYDERABAD ൽ |

| | | |
|---|---|---|
| | | പങ്കെടുത്തതിന്റെ TA നൽകിയതിൽ കേരളത്തിന് പുറത്തുള്ള യാത്രയായതിനാൽ സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖയില്ല |
| 21600297 dt 16-7-2016 | 17096 | മാരുതി സുസുകി ഡിസയർ ഇൻഷ്വറൻസ് തുക അടവാക്കിയ രേഖകൾ ലഭ്യമല്ല |
| 21600643 dt 7-11-2016 | 15260 | പ്രേരക്മാർക്ക് ഐഡന്റിറ്റി കാർഡിന് നൽകിയ തുക |
| 21600650 dt 7-11-2016 | 20000 | മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല |
| 21600884 dt 13/1/17 | 3360 | പഞ്ചായത്തിരാജ് മാസിക വരിസംഖ്യ അടച്ചതിന്റെ രശീതി ഇല്ല |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 234483/- തടസ്സം ചെയ്യുന്നു

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലയിലെ 50 | 2016-17 | 9711320 | തെരുവുനായ | | 9711320 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | | | | | |
| ഫറോക്ക് മുനിസിപ്പാലിറ്റി | | 50000 | | | 50000 |
| രാമനാട്ടുകര മുനിസിപ്പാലിറ്റി | | 200000 | വന്ധ്യംകരണം | | 200000 |
| കൊയിലാണ്ടി മുനിസിപ്പാലിറ്റി | | 500000 | | | 500000 |

സംയുക്ത പ്രോജക്ട് ഇനത്തിൽ ലഭിച്ചതുക വാർഷികകണക്ക് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അദർ റസീപ്റ്റ് ഇനത്തിലാണ് വരവ് വച്ചിരിക്കുകയാണ് .

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെസ്.ഇ.ബി .എൽ | സർക്കാർ സ്കൂളുകളിൽ സോളാർപാനൽ സ്ഥാപിക്കൽ | ബിൽ നം-20/28-2-17 | 35000000 | - | 35000000 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി ഇലക്ട്രിക്കൽ വിഭാഗത്തി | തിക്കോടി മണ്ണ് പരിശോധന ലാബോറട്ടറിയുടെ റീവയറിംഗ് (ഗ്രൗണ്ട് ഫ്ളോർ) | ബിൽ നം-ഡിപി25/16-17 /28.2.2017 | 225780/- | | 225780/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി<br>സ.ഉ.(സാധാ)2540/2010/<br>ത.സ്വ.ഭ.വ 3.08.2010 | 282195000 | 11365903 | 11365903 | | ഇല്ല. |
| | | | | | |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക-നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക-നം | വിഷയം |
|---|---|---|
| 1997-98 , 7 | 1999-00, 57(എ) | സോളാർ ഫെൻസിംഗ്-സ്വകാര്യ സ്ഥാപനത്തിൽ നിന്നും ഉപകരണം വാങ്ങിയത് അനധികൃതം |
| 1997-98, 17 | 1999-00, 57(ബി) | മത്സ്യബന്ധനം-മിനി ഹാച്ചറി വഴി ശുദ്ധജല മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ-പദ്ധതി നടത്തിപ്പ് ക്രമരഹിതം |
| 1997-98, 20 | 1999-00, 57(സി) | മലബാറി ആട് സംരക്ഷണം ധനവിനിയോഗത്തിന് രേഖയില്ല |

| | | |
|---|---|---|
| 1997-98, 7 | 1999-00, 57(ഡി) | മിനി വ്യവസായ എസ്റ്റേറ്റ് ട്രസ്റ്റിന്റെ പേരിൽ വില നൽകി തർക്ക വസ്തു വാങ്ങുന്നത് പഞ്ചായത്തിന് ദോഷകരം |
| 1997-98, 32 | 1999-00, 57(ഇ) | പ്രവർത്തനക്ഷമത കുടിയ അടുപ്പ് മോൾഡ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ-ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കപ്പെട്ടില്ല. |
| 1997-98, 44 | 1999-00, 57(എഫ്) | പൊയിൽകാവ് കാത്തിലശ്ശേരി റോഡ് പരിഷ്കരണം – പാർട്ട് പേയ്മെന്റ് നൽകിയതിൽ അപാകത |
| 1997-98, 45 | 1999-00, 57(ജി) | ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അഡ്വാൻസ് നൽകിയത് ചട്ട വിരുദ്ധം |
| 1997-98, 46 | 1999-00, 57(എച്ച്) | റിട്ടയർ ചെയ്ത എഞ്ചിനീയർമാരെ സർക്കാർ അനുമതിയില്ലാതെ നിയമിച്ചു |
| 1998-99, 9 | 2000-01, 96 | റോഡ് പണി തൃപ്തികരമല്ലെന്ന റിപ്പോർട്ടിനു ശേഷവും ബിൽ തുക നൽകി |
| 1999-00, 31 | 2001-02, 11-15(1) | നാടകപഠന കളരി-പദ്ധതി നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചത് |
| 1999-00, 65 | 2001-02, 11-15(2) | മാനവീയം സാംസ്കാരിക മിഷൻ പദ്ധതി പണം ദുരുപയോഗം ചെയ്യൽ സർക്കാരിനു നഷ്ടം 1,30,672/- രൂപ |
| 1999-00, 71 | 2001-02, 11-15(3) | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പുനരധിവാസം പദ്ധതി നടത്തിപ്പിലെ അപാകതകൾ |

| | | |
|---|---|---|
| 2002-03, 2-1 | 2006-07, 3-80-1 | ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കാതെ തുകചെലവഴിച്ച |
| 2002-03, 2-14 | 2006-07, 3-80-2 | ഫൈനൽ ബില്ലിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല |
| 2002-03, 2-16 | 2006-07, 3-80-3 | ടാറിന് അധിക വില നൽകി |
| 2002-03, 2-29 | 2006-07, 3-80-4 | മണ്ണ്/ജലസംസ്കരണം (പ്രവർത്തികൾ അധിക സബ്സിഡി നൽകി) |
| 2002-03, 2-42 | 2006-07, 3-80-5 | എസ്.ജി.ആർ.വൈ. പ്രവർചത്തികൾ പണമടച്ച<br>മുഴവൻ തുകയ്ക്കും ടാർ വാങ്ങിയിട്ടില്ല |
| 2002-03, 2-44 | 2006-07, 3-80-6 | കനോലി കനാൽ പായലും ഇതര മാലിന്യങ്ങളും<br>നീക്കം ചെയ്യൽ അപാകതകൾ |
| 2002-03, 2-47 | 2006-07, 3-80-7 | കോരങ്ങാട് കോളിക്കൽ റോഡ് ഒരേ റീച്ചിൽ<br>ഒരേ സമയം രണ്ടു പേർ പ്രവർത്തി നടത്തി |
| 2002-03, 2-50(1) | 2006-07, 3-80-8 | മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ മറികടന്ന്<br>പണം ചെലവഴിച്ച |
| 2002-03, 2-15 | 2006-07, 3-79-19(19) | കോരപ്പുഴയുടെ പുഴയോര സംരക്ഷണം-മണ്ണ് നിറയ്ക്കുന്ന പ്രവർത്തിക്ക് അധികം തുക നൽകിയത് സംബന്ധിച്ച് |
| 2002-03, 2-24(1) | 2006-07, 3-79-19(19) | തരങ്ങോറ ചാലിൽ ജലസേചന പദ്ധതി |
| 2002-03, 2-24(2) | 2006-07, 3-79-19(19) | വടക്കുംതല ജലസേചന പദ്ധതി |

| | | |
|---|---|---|
| 2002-03, 2-9 | 2006-07, 3-79-19(19) | വാഴോറമല എസ്.സി.കോളനി ശുദ്ധ ജല പദ്ധതി |
| 2002-03, 2-23 | 2006-07, 3-79-18(20) | ബാക്ടീരിയോളജിക്കൽ ലാബ് സ്ഥാപിക്കൽ |
| 2002-03, 2-26 | 2006-07, 3-79-18(21) | അങ്കണവാടി കെട്ടിട നിർമ്മാണം |
| 2002-03, 2-30 | 2006-07, 3-79-18(22) | ഭവന നിർമ്മാണം |
| 2002-03, 2-31 | 2006-07, 3-79-18(23) | വ്യവസായ എസ്റ്റേറ്റ് വൈദ്യുതീകരണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |
| 2002-03, 2-40 | 2006-07, 3-79-18(24) | എസ്.ജി.ആർ.വൈ പദ്ധതികൾ |
| 2002-03, 2-46 | 2006-07, 3-79-16(8) | അഴിയൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ലാബറട്ടറി കെട്ടിട നിർമ്മാണം |
| 2002-03, 2-20 | 2006-07, 3-79-16(15) | സ്കൗട്ട് ഗൈഡ് ജെ.ആർ.സി.പരിശീലനം |
| 2002-03, 2-12 | 2006-07, 3-79-16(15) | ഗ്രാമീണ വൈദ്യുതീകരണ പദ്ധതി |
| 2002-03, 2-10 | 2006-07, 3-79-15(4) | ഗ്രാമീണ വൈദ്യുതീകരണം (വിവിധ ഗ്രാമപഞ്ചായത്തുകൾ) |
| 2002-03, 2-11 | 2006-07, 3-79-15(5) | കോളനി വൈദ്യുതീകരണം (4എണ്ണം) |
| 2002-03, 2-18 | 2006-07, 3-79-13(7) | സ്കൂൾ ഫർണിച്ചർ |
| 2002-03, 2-4 | 2006-07, 3-79-3(10) | വാഹനങ്ങളുടെ അറ്റകുറ്റപ്പണി സ്റ്റോക്ക് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല |

| | | |
|---|---|---|
| 2009-10, 3-3 | 2011-12, 4-17 | അപ്രോച്ച് റോഡ് ഇല്ലാതെ പാലം- പാഴ് ചെലവ് 57 ലക്ഷം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് ഉൾപ്പെടെആകെ വരവ് | : | 758419748 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 570959227 |
| വരവിനങ്ങളിലുള്ള നഷ്ടം | : | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1103940 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17046037 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 342110 | മുഹമ്മദ് അഷ്റഫ്, എക്സികുട്ടീവ് എൻഞ്ചിനീയർ |
| 3-6 | | 20387 | |
| 3-7 | | 19321 | |
| 3-8 | | 80211 | |
| 3-9 | | 216058 | |
| 3-10 | | 4400 | |

| | | | |
|---|---|---|---|
| 3-11 | | 79499 | |
| 3-12 | | 27287 | |
| 3-13 | | 6250 | |
| 3-15 | | 56194 | |
| 3-16 | | 19715 | |
| 3-17 | | 17316 | |
| 3-18 | | 81024 | |
| 3-20 | | 131118 | |
| 3-32 | | 3050 | കെ.എം.ശ്രീദേവി<br>സൂപ്രണ്ട് ,<br>ജില്ലാ ആയുർവേദ ആശുപത്രി. |
| | ആകെ | 1103940 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-21 | 1000000 | മുഹമ്മദ് അഷ്റഫ്,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-23 | 2942214 | ഗിരീഷ് ചോലയിൽ ,<br>വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ. |
| 3-26 | 500000 | ടി.പി.സാറാമ്മ<br>ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-27 | 1000000 | ടി.പി.സാറാമ്മ<br>ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-27 | 388382 | പാർത്ഥസാരഥി,<br>സെക്രട്ടറി ഇൻചാർജ്ജ്. |
| 3-28 | 225780 | ടി.അഹമ്മദ് കബീർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,<br>കൃഷി. |
| 3-30 | 1490000 | ഡോ.എസ്.എൻ.രവികുമാർ<br>ജില്ലാമെഡിക്കൽ ഓഫീസർ<br>അലോപ്പതി |
| 3-31 | 6200000 | എം.കെ.രഘുനാദ്,<br>ജില്ലാപട്ടികജാതി വികസന ഓഫീസർ. |
| 3-33 | 108198 | ശശി പൊന്നണ,<br>ഫാം സൂപ്രണ്ട്<br>ജില്ലാകൃഷിത്തോട്ടം കുത്താളി |
| 3-37 | 104138 | ഡാനിയൽ മാത്യു,<br>ഫാം സൂപ്രണ്ട് |

| | | |
|---|---|---|
| | | ജില്ലാകൃഷിത്തോട്ടം കൂത്താളി |
| 3-38 | 1499829 | സൂപ്രണ്ട്,<br>ജില്ലാ ആശുപത്രി വടകര |
| 3-39 | 150000 | മറീയം ഹസീന<br>ഫിഷറീസ് ഡെപ്യൂട്ടിഡയറക്ടർ |
| 3-40 | 274664 | ഫിലിപ്പ് .പി.ഡി.<br>സെക്രട്ടറി<br>കോഴിക്കോട് ജില്ലാപഞ്ചായത്ത് |
| 3-41 | 200000 | ടി.പി.സാറാമ്മ<br>ജില്ലാസാമൂഹ്യാ നീതി ഓഫീസർ |
| 3-42 | 728349 | ശശി പൊന്നണ<br>സീനിയർ അഗ്രികൾച്ചറൽ ഓഫീസർ,പേരാമ്പ്ര സീഡ്ഫാംപ്ര |
| 3-43 | 7904 | എം.സലീം<br>സെക്രട്ടറി.<br>കോഴിക്കോട് ജില്ലാപഞ്ചായത്ത് |
| 3-43 | 153156 | പാർത്ഥസാരഥി<br>സെക്രട്ടറി ഇൻചാർജ്ജ്.<br>കോഴിക്കോട് ജില്ലാപഞ്ചായത്ത് |
| 3-43 | 73423 | ഫിലിപ്പ്.പി.ഡി<br>സെക്രട്ടറി.<br>കോഴിക്കോട് ജില്ലാപഞ്ചായത്ത് |

| | | |
|---|---|---|
| ആകെ | 17046037 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-4 പ്രകാരം വാറ്റ് ഇനത്തിൽ കുറവ് വന്ന 8968 രൂപ.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3(1)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് അഷ്റഫ്,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.ഡിവിഷൻ<br>കോഴിക്കോട് ജില്ലാപഞ്ചായത്ത് | അരീക്കൽ (ഹൗസ്)<br>ചെലവൂർ (പി.ഓ)<br>കോഴിക്കോട്<br>673571 |
| ശശി പൊന്നണ<br>സീനിയർ കൃഷി ഓഫീസർ<br>ജില്ലാകൃഷിത്തോട്ടം<br>കൂത്താളി. | സൂപ്രണ്ട്<br>സംസ്ഥാന വിത്തുൽപാദനകേന്ദ്രം | കാർത്തിക(ഹൗസ്)<br>പൂളക്കുൽ (പി.ഒ)<br>കക്കട്ടിൽ (വഴി)<br>കോഴിക്കോട്<br>673507 |
| കെ.എം.ശ്രീദേവി<br>സൂപ്രണ്ട് ,<br>ജില്ലാ ആയൂർവേദ ആശുപത്രി<br>കോഴിക്കോട്. | സർവ്വീസിൽ നിന്നും വിരമിച്ച | മുന്നല്ലത്ത് മന<br>ഔട്ടർറിംഗ് റോഡ്(നോർത്ത്)<br>പാർത്ഥസാരഥി ടെമ്പിളിനു സമീപം<br>ഗുരുവായൂർ,<br>തൃശ്ശൂർ |

ു

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97 | എൽ.എഫ്/പി6/16551/01, തീ.24.4.2002 | 14 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി8 /654/2010,തീ.1.7.2010 | 32 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി8 /954/2010,തീ.7.8.2010 | 20 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി8/954(5) /2010,തീ.7.8.2010 | 25 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി8 /1563/2012,തീ.12.3.2013 | |
| 2001-02 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി1 /538/2009,തീ.22.1.2005 | 34 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി8 /954/2010(2),തീ.7.8.2010 | 36 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി7 /1723/2006,തീ.29.3.2007 | 20 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി8 /408/2007,തീ.3.6.2009 | 38 |
| 2005-06 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി7 /865/2009,തീ.30.6.2009 | 15 |
| 2005-06 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി7 /551/2009,തീ.1.7.2010 | 04 |
| 2006-07 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി8 /4/2011,തീ.26.4.2011 | 03 |

| | | |
|---|---|---|
| 2006-07 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി8 /196/2010,തീ.1.7.2010 | 29 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി8 /1318/2010,തീ.15.7.2011 | 64 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി8 /1206/13,തീ.05.11.2015 | 28 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി8 /929/15,തീ.05.11.2015 | 39 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി8 /648/15,തീ.06.11.2015 | 20 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി8/1889/15 | 19 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി8/673/14 തി. 28.04.2016 | 22 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി8 /1830/15തി. 11.12.2015 | 32 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി8 /1912/2016 തി. 10.05.2017 | 33 |
| 2015-16 | കെ.എ്.എ.കെ.കെ.ഡി/ പി8/871/2017 തീയ്യതി 24-5-2017 | 55 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി 8/2312/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി-

30-11-2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 8/2312/2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 30-11-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kozhikoe District Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kozhikoe District Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

District Audit Office, Kozhikode.